# എൻഡവറിന്



*അവസാനദൗത്യവും വിജയകരമായി പൂർത്തിയാക്കി ലാൻഡു ചെയ്യുന്ന എൻഡവർ.*

**അ**മേരിക്കയുടെ അഞ്ചാമത്തെ ബഹിരാകാശ വാഹനമായ എൻഡവർ പത്തൊൻപതു വർഷത്തെ 'സ്തുത്യർഹസേവന'ത്തിനു ശേഷം വിശ്രമത്തിലേക്കു കടന്നു. ജൂൺ ഒന്നിനു പുലർച്ചെ 2.35 നു തന്റെ അവസാന ദൗത്യവും പൂർത്തിയാക്കി വിജയകരമായി ഫ്ളോറിഡയിലെ കെന്നഡി സ്പെയ്സ് സെന്ററിൽ ലാൻഡു ചെയ്ത എൻഡവർ, ഇനി ലോസാഞ്ചലസിലെ കാലിഫോർണിയ സയൻസ് സെന്റർ മ്യൂസിയത്തിൽ സന്ദർശകരെയും കാത്തു കഴിയും. മുപ്പതുവർഷം നീണ്ട ബഹിരാകാശ ദൗത്യത്തിന്റെ





*അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ നിന്നും എൻഡവറിൽ തിരികെ വന്നവർ*

അവസാന ഘട്ടത്തിലാണു തങ്ങളെന്ന് അമേരിക്കയുടെ ബഹിരാകാശ ഏജൻസിയായ നാസ പ്രഖ്യാപിച്ചുകഴിഞ്ഞു. നാസയുടെ അവസാന ബഹിരാകാശ ദൗത്യ പേടകമായ അറ്റ്ലാന്റിസ് ജൂലൈ എട്ടിനു യാത്രതിരിക്കും.

# ഇനി വിശ്രമം



എൻഡവറിനുള്ളിൽ യാത്രിക



ബഹിരാകാശവാഹനം അറ്റ്ലാന്റിസ്

1992 മേയിലായിരുന്നു എൻഡവറിന്റെ ആദ്യ ദൗത്യം, അവസാന ദൗത്യത്തിനായി പുറപ്പെട്ടത് 2011 മേയിലും. അമേരിക്കയുടെ ബഹിരാകാശ പേടകമായിരുന്ന ചലഞ്ചറിനു പകരം നിർമിക്കപ്പെട്ടതാണ് എൻഡവർ. 1987ൽ ആണ് എൻഡവർ നിർമിക്കുന്നതിന് അമേരിക്കൻ കോൺഗ്രസ് അനുമതി നല്കിയത്. 2.2 ബില്യൺ ഡോളർ പതിനായിരം കോടിയോളം രൂപ) ആയിരുന്നു ചെലവ്. എൻഡവർ ആകെ 25 ദൗത്യങ്ങളാണു നടത്തിയത്. 148 പേർ അതിൽ സഞ്ചരിച്ചു. 296 ദിവസവും മൂന്നുമണിക്കൂറും പതിനെട്ടു മിനിട്ടും 35 സെക്കൻഡും എൻഡവർ ബഹിരാകാശത്തു ചിലവഴിച്ചു. 4671 തവണ ഭൂമിയെ വലംവച്ച എൻഡവർ 1,97,761,262 കിലോമീറ്റർ സഞ്ചരിച്ചു.

***





സമകാലികം

ഡോ.ജോയി ജേക്കബ്

# ഇന്ധന വിലവർധനയും ഗുണനിലവാരവും

പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞു. ഇനി ഓരോ ഗവൺമെണ്ടും അവരവർ ഒളിപ്പിച്ചു വച്ചിരിക്കുന്ന അജണ്ടകളെല്ലാം ഓരോന്നായി പുറത്തു കൊണ്ടുവരാൻ ഒരുങ്ങുകയാണ്. കേരളത്തിൽ അപ്രഖ്യാപിത പവർകട്ടു പല രീതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. പെട്രോൾ വില വർധിപ്പിച്ചു. ഡീസൽവില വർധനയും ഉണ്ടാകും. ഇന്ത്യയിലെ പൊതുമേഖലാ ഓയിൽ കമ്പനികളുടെ നഷ്ടം ആയിരക്കണക്കിനു കോടി രൂപയാണത്രെ. ഇതു കൂടെക്കൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിന്റെ ഉദ്ദേശ്യം ഇന്ധന വില കൂടുമ്പോൾ ഞെട്ടൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്.

എന്നാൽ, പൊതുജനത്തിന് ഇതേപ്പറ്റി കൂടുതൽ അറിയുവാനുള്ള ആഗ്രഹം ഇല്ലെങ്കിൽ കൂടി ഒരു നേരമ്പോക്കിനു ചില വിഷയങ്ങൾ ഇവിടെ പ്രതിപാദിക്കുകയാണ്. ക്രൂഡ് ഓയിൽ പലതരവും പല വിലയ്ക്കും കിട്ടുന്നുണ്ടെന്നു പറയപ്പെടുന്നു. ഇതിൽ നമ്മുടെ പൊതുമേഖലാ എണ്ണക്കമ്പനികൾ ഏതു തരത്തിലുള്ള ക്രൂഡ് ഓയിലാണു കൊണ്ടുവരുന്നതെന്നോ, അതിന് എന്തു വിലയാണെന്നോ അറിയേണ്ട കാര്യമില്ല. കാരണം, നെയ്യപ്പം തിന്നുന്നവൻ കുഴിയെണ്ണേണ്ട ആവശ്യമില്ലല്ലോ! ക്രൂഡ് ഓയിൽ സംസ്കരണം കഴിയുമ്പോൾ കിട്ടുന്ന ഉത്പന്നങ്ങളുടെ വിലയിൽ നിന്നും സംസ്കരണ ചിലവും ക്രൂഡ് ഓയിൽ വിലയും കുറച്ച ശേഷം എന്തു ലാഭം/ നഷ്ടം ഉണ്ടാകുന്നു?



> 20 ലക്ഷം മുതൽ 50 ലക്ഷം വരെ പടി കൊടുത്താൽ മാത്രമേ ഒരു പൊതുമേഖലാ പെട്രോൾ, ഡീസൽ പമ്പു കിട്ടുകയുള്ളൂ എന്നു ജനം അടക്കം പറയാറുണ്ട്. അതെന്തായാലും ഓരോ പമ്പു കൊടുക്കുമ്പോഴും ലക്ഷങ്ങൾ കിട്ടുന്നുണ്ട് എന്നതു രഹസ്യമായ സത്യമാണ്. കൊടുക്കാനുള്ളവർ കൊടുക്കുന്നുമുണ്ട്. കിട്ടേണ്ടവർക്കു കിട്ടുന്നുമുണ്ട്.

നഷ്ടമെങ്കിൽ എവിടെയാണതു സംഭവിച്ചത്? സംസ്കരിച്ച ഇന്ധനം വിറ്റഴിക്കുന്നതിനുവേണ്ടി എത്രപണം മുടക്കുന്നുണ്ട്? നഷ്ടത്തിന്റെ കണക്കുകൾ ഇങ്ങനെ പറയുമ്പോൾ അത് ഏതെല്ലാം രീതിയിൽ എന്നറിയുവാൻ പൊതുജനങ്ങൾക്ക് അവകാശം ഉണ്ട്. ചിലവിന്റെ കൂടെ വരവിന്റെ കണക്കുകളും ഉണ്ട്. അതു പറയാത്തതെന്തു കൊണ്ട്?

ഇന്ത്യയിൽ പെട്രോൾ പമ്പുകൾ നടത്തുന്നതു കമ്പനികൾ ടെണ്ടർ വിളിച്ചു കൊടുത്താണ്. ഇപ്രകാരം പരസ്യപ്പെടുത്തിക്കിട്ടുന്ന ടെണ്ടറുകളിൽ നിന്ന് ഒരു വ്യക്തിയെ തിരഞ്ഞെടുക്കുന്നു. പമ്പു നടത്തുന്നതിന് അംഗീകാരം കൊടുത്ത ശേഷം ടെണ്ടറുകാരൻ കൊടുത്ത സ്ഥലത്തു കമ്പനി മുതൽ മുടക്കി പമ്പു പണിയുകയാണ്. എന്നാൽ, ഏതെങ്കിലും ഒരു പമ്പുടമ സ്ഥലം കൊടുത്തു മാത്രം ഒരു പൊതുമേഖല പെട്രോൾ പമ്പു നേടിയതായി ഇതുവരെ കേട്ടുകേൾവിയില്ല. 20 ലക്ഷം മുതൽ 50 ലക്ഷം വരെ പടി കൊടുത്താൽ മാത്രമേ ഒരു പൊതുമേഖലാ പെട്രോൾ, ഡീസൽ പമ്പു കിട്ടുകയുള്ളൂ എന്നു ജനം അടക്കം പറയാറുണ്ട്. ഇതിലെ സത്യമറിയണമെങ്കിൽ നുണ പരിശോധനയോ ബ്രെയിൻ മാപ്പിംഗോ നടത്തേണ്ടതായി വരും. അതെന്തായാലും ഓരോ പമ്പു കൊടുക്കുമ്പോഴും ലക്ഷങ്ങൾ കിട്ടുന്നുണ്ട് എന്നതു രഹസ്യമായ സത്യമാണ്. കൊടുക്കാനുള്ളവർ കൊടുക്കുന്നുമുണ്ട്. കിട്ടേണ്ടവർക്കു കിട്ടുന്നുമുണ്ട്. പക്ഷേ, പൊതുമേഖലാ കമ്പനികളുടെ കണക്കിൽ വരുന്നില്ല. വരുന്നതു പമ്പു തുടങ്ങിയതിലുള്ള ചിലവിന്റെ കണക്കു മാത്രം.

ഏതു ലോക്പാൽ വന്നാലും ഈ കണക്കിൽ എന്തെങ്കിലും മാറ്റം വരുമോ എന്നു സാംസ്കാരിക നായകന്മാരും മറ്റും ചിന്തിക്കുന്നതു നല്ലതാണ്.

ഇവിടെ നമുക്കു കിട്ടുന്നത്ര തരംതാണ പെട്രോൾ, ഡീസൽ മറ്റ് എവിടെയെങ്കിലും കിട്ടുമോയെന്നു സംശയമുണ്ട്. ഇത്രയും മായം ചേർക്കലിനു വിധേയമായ മറ്റൊരു വസ്തു ഭാരതത്തിൽ ഇല്ലെന്നു പറഞ്ഞാലും അതിശയോക്തി വേണ്ട. 10 ലിറ്റർ ഇന്ധനം നിറച്ചാൽ 8500 അല്ലെങ്കിൽ 9000 എം. എല്ലിൽ കൂടുതൽ ടാങ്കിൽ വീഴാറില്ല. ഭൂമിക്കടിയിലെ സംഭരണ ടാങ്കിൽ നിന്നും മറ്റൊരു ടാങ്കിലേക്കു കേവലം ഒരു മൂളൽ മാത്രം കേൾക്കുന്നതോടു കൂടി സംഭവം കഴിഞ്ഞു. സംഭവിച്ചതെന്താണെന്നു മീറ്ററിൽ രേഖപ്പെടുത്തും. അതു ബോധ്യപ്പെട്ടു തുക കൊടുത്ത ശേഷം വണ്ടി എടുത്തു സ്ഥലം വിടണം. ഒരു ബില്ല്ലു ചോദിച്ചാൽ അതിനുവേണ്ടി മാത്രം 10 മിനിറ്റു സമയം എങ്കിലും കളയണം. വാഹനം ഓടിച്ചു പോകുമ്പോൾ കമ്പനിക്കാരൻ (വാഹന നിർമാതാവ്) പരസ്യത്തിലൂടെ അവകാശപ്പെട്ടിരിക്കുന്ന മൈലേജു കിട്ടാത്തതിന്റെ കാരണം ട്രാഫികു ജാം എന്ന മഹാ വില്ലൻ തന്നെ. അതുള്ളിട

ത്തോളം കാലം കട്ടവനും കിട്ടിയവനും ആശ്വാസം. കൂടുതൽ പരാതിക്കും പരിശോധനയ്ക്കും തുനിഞ്ഞാൽ കമ്പനികളുടെ നഷ്ടം ആയിരക്കണക്കിനു കോടികളാണ്. അതിന്റെ വിഹിതം വല്ലതും പരാതിക്കാരൻ കൊടുക്കേണ്ടതായും വരില്ലെന്ന് എന്താണ് ഉറപ്പ്.

പൊതുമേഖലാ എണ്ണ കമ്പനികൾക്കു കോടികൾ നഷ്ടമാണെങ്കിലും നഷ്ടം കൂടുന്നതിനനുസരിച്ചു പമ്പുകളുടെ എണ്ണവും കൂടുന്നുണ്ട്. അങ്ങനെ പമ്പുകൾ തമ്മിലുള്ള അകലം മൂന്നു കിലോമീറ്ററിൽ താഴെയായി. കിട്ടുന്ന ഇന്ധനത്തിന്റെ അളവു കുറഞ്ഞാലും വാഹനം നില്ക്കുന്നതിനുമുമ്പ് അടുത്ത പമ്പിലെത്താം. ആശ്വാസം തന്നെ. കമ്പനികളുടെ നഷ്ടം കൂടുന്നതിനനുസരിച്ചു പമ്പു കിട്ടുന്നതിനുള്ള മുടക്കു വർധിച്ചുകൊണ്ടിരിക്കുകയാണെന്നും പറഞ്ഞു കേൾക്കുന്നുണ്ട്.

അതനുസരിച്ച് ഇന്ധനത്തിന്റെ ഗുണത്തിലും അളവിലും മാറ്റം പ്രതീക്ഷിക്കാം. കിട്ടുന്ന കമ്മീഷൻകൊണ്ട് ഈ മുടക്കെല്ലാം തിരിച്ചുകിട്ടുമെന്നു കരുതിയാണോ പമ്പു നടത്തുന്നത്? അങ്ങനെയെങ്കിൽ പമ്പു നടത്താൻ എത്ര പേർ വരും?

പണ്ടു ടാങ്കർ ലോറികളിൽ നിന്നു പെട്രോൾ ഊറ്റി വില്ക്കുന്നത് ഒരു ബിസിനസു തന്നെയായിരുന്നു. അങ്ങനെ ലക്ഷങ്ങൾ ഉണ്ടാക്കിയവർ ഉള്ളതായി പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്ന് എല്ലാ പമ്പുകാർക്കും സ്വന്തമായി ടാങ്കർലോറികൾ ഉണ്ട്.അതുകൊണ്ടു വഴിയിൽ ഊറ്റു നിന്നു. അതോടൊപ്പം ചേർക്കേണ്ടതു കൊച്ചിയിൽ വച്ചുതന്നെ ചേർത്തു കൊണ്ടുവരുവാൻ വേണ്ടികൂടിയാണ് ഈ സംവിധാനം എന്നു ജനം അടക്കം പറയുന്നുണ്ട്. കമ്മീഷൻ ഇല്ലെങ്കിലും പമ്പു നടന്നു പോകണമല്ലോ. ശമ്പളമില്ലെങ്കിലും ചന്തയ്ക്കു പോക്കു ചുമതലപ്പെടുത്തിയാൽ ജോലി ചെയ്യാൻ തയ്യാറാണെന്നു പറയുന്നതുപോലെ!



എണ്ണവില കൂട്ടിയാൽ ഒരു ഹർത്താൽ ഉറപ്പാണ്. ബസുകാരും ടാക്സിക്കാരും ഓട്ടോറിക്ഷക്കാരും ബിസിനസുകാരും എല്ലാം ചേർന്നു പ്രതിഷേധിക്കുന്നതിന്റെ അടയാളമാണു ഹർത്താൽ. ഹർത്താലിന്റെ അടുത്ത ദിവസം മുതൽ ഒരു ലിറ്റർ ഇന്ധനത്തിനു കൂട്ടിയ വില, ഒരു കിലോമീറ്ററിനു ടാക്സി കൂലി ഇനത്തിൽ വർധിപ്പിക്കുന്നു. പെട്രോളിനു വില കൂടിയാലും ഡീസലും എൽപിജിയും ഉപയോഗിച്ച് ഓടുന്ന ടാക്സിനിരക്കുകളും വർധിക്കും, അതല്ലേ ഒരു മര്യാദ! ഇക്കാര്യത്തിൽ ആർക്കും പ്രതിഷേധമോ എതിരഭിപ്രായമോ ഇല്ല. ഔദാര്യമോ വിട്ടുവീഴ്ചയോ കാണിക്കാറില്ല.

**എണ്ണവില കൂട്ടിയാൽ ഒരു ഹർത്താൽ ഉറപ്പാണ്. ബസുകാരും ടാക്സിക്കാരും ഓട്ടോറിക്ഷക്കാരും ബിസിനസുകാരും എല്ലാം ചേർന്നു പ്രതിഷേധിക്കുന്നതിന്റെ അടയാളമാണു ഹർത്താൽ. ഹർത്താലിന്റെ അടുത്ത ദിവസം മുതൽ ഒരു ലിറ്റർ ഇന്ധനത്തിനു കൂട്ടിയ വില, ഒരു കിലോമീറ്ററിനു ടാക്സി കൂലി ഇനത്തിൽ വർധിപ്പിക്കുന്നു. പെട്രോളിനു വില കൂടിയാലും ഡീസലും എൽപിജിയും ഉപയോഗിച്ച് ഓടുന്ന ടാക്സിനിരക്കുകളും വർധിക്കും, അതല്ലേ ഒരു മര്യാദ!**



മീറ്റർ ഉപയോഗിച്ചു ടാക്സിയും ഓട്ടോറിക്ഷയും ഓടണമെന്ന് ഓരോ പ്രാവശ്യവും ചാർജു വർധിക്കുമ്പോഴും പറയാറുണ്ട്. പ്രവൃത്തിയിൽ വരുന്നില്ലെങ്കിലും അതിൽ ഉത്തരവാദിത്വപ്പെട്ടവർക്കു തികഞ്ഞ നിസ്സംഗത മാത്രം. പ്രൈവറ്റു ബസുകൾ സർവീസു നടത്തുന്നതും സർക്കാർ നിരക്കിൽ തന്നെ. ഒരു ബസിൽ 45-50 യാത്രക്കാർ കയറുന്നുണ്ട് എന്ന നിരക്കിലാണു നികുതി അടയ്ക്കുന്നത്. വിറ്റുവരവിന് ആനുപാതികമല്ലാത്ത നികുതി ഈടാക്കുന്നത് ഒരു പക്ഷേ, ഈ മേഖലയിൽ മാത്രമായിരിക്കും. എങ്കിലും അവർക്കും നഷ്ടം. അയൽ സംസ്ഥാനങ്ങളിൽ പലയിടത്തും ബസു ചാർജു കേരളത്തിലേതിലും കുറവാണ്. എങ്കിലും ലാഭത്തിൽ നടത്തുന്നുണ്ട്.

കേന്ദ്രസർക്കാരിനെ പഴിചാരി സംസ്ഥാന സർക്കാരുകൾ നികുതിവാങ്ങും. ഒരു വിട്ടുവീഴ്ചയും കാണിക്കാറില്ല. കച്ചവടക്കാർ എല്ലാ സാധനങ്ങളുടെയും വില വർധിപ്പിക്കും. അതിനുമുമ്പായി എല്ലാവരും ചേർന്നു സർക്കാരിന്റെ മൗനാനുവാദത്തോടുകൂടി പൊതുജനത്തിന്റെ നെഞ്ചത്തു ഹർത്താൽ എന്ന റീത്തു സമർപ്പിക്കും, അതോടുകൂടി എല്ലാം തീരും. കുറച്ചു സമയത്തേക്ക് ഒന്നു പകച്ചു നില്ക്കുമെങ്കിൽ പോലും ഇതു തന്റെ വിധിയായതുകൊണ്ടു വീണ്ടും കഴുതയെ

പ്പോലെ ഈ ഭാരം പേറി ജനം നടന്നു തുടങ്ങും. ഇനിയും ആരോടു പ്രതികരിക്കാൻ !

അടുത്ത തിരഞ്ഞെടുപ്പിനു നീണ്ട വർഷങ്ങൾ ബാക്കിയുണ്ട്. അപ്പോഴേക്കും പലതും മറന്നു പോകും. ജീവിക്കാനുള്ള തത്രപ്പാടിൽ ഇതൊക്കെ ഓർത്തുവച്ചാൽ തന്നെ എന്തു നേടാൻ! കൊതിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന കോടികളുടെ അഴിമതിക്കഥകൾ പത്രങ്ങളിൽ വായിച്ചാൽ കിട്ടുന്ന ഒരു സംതൃപ്തി ഉണ്ടല്ലോ, അതു തന്നെ ധാരാളം!



**ഈ നഷ്ടങ്ങൾ എങ്ങനെ സംഭവിക്കുന്നു? ഇതിന്റെയെല്ലാം പുറകിൽ അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടെന്നു കരുതാതിരിക്കുവാൻ എന്തു ന്യായങ്ങളാണ് ഈ പൊതുമേഖലാ പ്രസ്ഥാനങ്ങൾക്കു പറയാനുള്ളത്?**

നമ്മുടെ പെട്രോൾ പമ്പുകളുടെ രൂപത്തിലും ഭാവത്തിലും കഴിഞ്ഞ ഒരു ശതാബ്ദം കൊണ്ടു വളരെയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇതിന്റെ പുറകിലെ പ്രേരണ ഇന്ത്യയിലെ ഓയിൽ കമ്പനികളിൽ വിദേശ കമ്പനികൾ വൻതോതിൽ നിക്ഷേപം നടത്തുമെന്നും പൊതുമേഖലാ എണ്ണക്കമ്പനികളുടെ ഓഹരികൾ വിറ്റഴിയുമെന്നുള്ള പ്രതീക്ഷയായിരുന്നു. കെട്ടിലും മട്ടിലും ഒരു നക്ഷത്രഹോട്ടലിന്റെ ഭാവവും ഗാംഭീര്യവും ഉണ്ടായി.

ഒഴുകിയെത്തുന്ന പാശ്ചാത്യസംഗീതം, വിശാലമായ യാർഡുകൾ, ഒന്നിനും-രണ്ടിനും കുളിക്കാനുമുള്ള സൗകര്യം, കുളികഴിഞ്ഞ് ഒരു ലാർജുവീശി ഉറങ്ങാൻ ഉദ്ദേശ്യമുണ്ടെങ്കിൽ അതിനും സൗകര്യം. ഇങ്ങനെ ഓരോ പമ്പുകളുടെയും മുടക്കുമുതൽ ലക്ഷങ്ങളിൽ നിന്നും കോടികളിലേക്ക് എത്തിക്കുവാൻ പൊതുമേഖലാ എണ്ണക്കമ്പനികൾ മത്സരിക്കുമ്പോൾ നഷ്ടത്തിന്റെ കണക്കും കൂടുമെന്നുള്ളതിൽ സംശയമില്ല.

40000കോടി രൂപ എയർ ഇന്ത്യയ്ക്കു നഷ്ടമാണെന്ന് ഈയിടെ പത്രങ്ങളിൽ വായിച്ചു. വിമാനയാത്ര ചെയ്യുന്നവരിൽ അധികവും കള്ള ടിക്കറ്റുമായി പോകുന്നവരാണോ എന്നുപോലും ഇതു വായിച്ചപ്പോൾ സംശയം തോന്നി. കാരണം മറ്റു വിമാനങ്ങളിൽ കൊടുക്കുന്നതിൽ കൂടുതൽ ആനുകൂല്യങ്ങൾ യാത്രക്കാർക്കു കൊടുത്തതുകൊണ്ടല്ല ഇതു സംഭവിക്കുന്നതെന്ന് ഒരിക്കലെങ്കിലും വിമാനയാത്ര ചെയ്തിട്ടുള്ള ഏവർക്കും മനസ്സിലാക്കാം. പിന്നെയും ഈ നഷ്ടങ്ങൾ എങ്ങനെ സംഭവിക്കുന്നു? ഇതിന്റെയെല്ലാം പുറകിൽ അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടെന്നു കരുതാതിരിക്കുവാൻ എന്തു ന്യായങ്ങളാണ് ഈ പൊതുമേഖലാ പ്രസ്ഥാനങ്ങൾക്കു പറയാനുള്ളത്?

പൊതുമേഖലാ എണ്ണക്കമ്പനികൾ ഇന്ധനം വിറ്റഴിക്കാൻ ചിലവിടുന്നതിൽ അധികപങ്കും അനാവശ്യമായിട്ടുള്ളതും അഴിമതിക്കു മാത്രം കളമൊരുക്കുന്നതുമാണ്. ഇവരുടെ നഷ്ടത്തിന്റെ കണക്കുകൾ പരിശോധിക്കാൻ പാർലമെണ്ടിന്റെ ഒരു സമിതിയെ ചുമതലപ്പെടുത്തണം, കാരണം ലോകത്ത് എവിടെ വില്ക്കുന്നതിലും കുറവല്ലാത്തതോ കൂടിയതോ ആയ നിരക്കിലാണ് ഇന്ത്യയിൽ ഇന്ധനം വില്ക്കുന്നത്. ക്രൂഡ് ഓയിൽ വാങ്ങുന്നതു നമ്മുടെ രാജ്യം മാത്രമല്ല. അതുകൊണ്ട് ഈ നഷ്ടങ്ങളുടെ നിജസ്ഥിതി വെളിച്ചത്തുകൊണ്ടുവരികയും അതിന്റെ കാരണങ്ങൾ പഠനവിഷയമാക്കുകയും വേണം.



അനാവശ്യമായ ഇന്ധന വിതരണ ചിലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ അല്പം പോലും വൈകിക്കൂടാ. ഇതിനുവേണ്ടി ഒരു പ്രത്യേക റഗുലേറ്ററി ഏജൻസി ഉണ്ടാവുകയും വേണം.നഷ്ടത്തിന്റെ കണക്കുകൾ മാത്രം നിരത്തി മറ്റു മാനദണ്ഡങ്ങളൊന്നുമില്ലാതെയും ജനവികാരം മാനിക്കാതെയും യഥേഷ്ടം വില കൂട്ടുവാൻ എണ്ണക്കമ്പനികളെ അനുവദിച്ചാൽ ആ നടപടി ഒരു ജനാധിപത്യ ഭരണകൂടത്തിനു ഭൂഷണമാകില്ല. അതിലുപരി ഭരണവിരുദ്ധ വികാരം ജനങ്ങളിൽ ഉണ്ടാക്കുകയും ഗവൺമെണ്ടിന് എതിരായി ജനങ്ങൾ തിരിയുന്നതിനുംമാത്രമേ ഉപകരിക്കുകയുള്ളൂ. ഈ തിരിച്ചറിവു കേന്ദ്രഭരണം നടത്തുന്നവർക്ക് ഉണ്ടായാൽ നന്ന്.

***

സുദർശനം

കിളിരൂർ രാധാകൃഷ്ണൻ

# ഗെറ്റ് ഐഡിയ

നാം ഇന്ന് ഒരു മോസ്റ്റ് മോഡേൺ സൊസൈറ്റിയായി മാറിയിരിക്കുന്നു. ജീവിതശൈലിയിലും വേഷവിധാനത്തിലും ഭക്ഷണരീതിയിലും പ്രകടന പരതയിലുമൊക്ക ഒരു മോഡേൺ ടച്ചു കാണാനുണ്ട്. മാറ്റങ്ങൾക്കു മാത്രമാണു മാറ്റമില്ലാത്തത് എന്ന പ്രകൃതിസത്യത്തെ മാനിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ, ഇത്രമാത്രം മാറ്റം വേണോ? അല്ലെങ്കിൽ കൊടിയേറ്റം സിനിമയിൽ ഭരത്ഗോപി അവതരിപ്പിച്ച ശങ്കരൻകുട്ടി എന്ന നാട്ടുംപുറത്തുകാരനെപ്പോലെ. നമ്മെക്കൊണ്ട്, "എന്തൊരു സ്പീഡ്". എന്നു ചോദിപ്പിക്കുന്നത്ര വേഗത വേണോ ഈ മാറ്റങ്ങൾക്ക് ?

വാസ്തവത്തിൽ നമുക്കിന്നു ശരിയായ ചിന്താശേഷിയുണ്ടോ? അനുകരണ ഭ്രാന്തിൽപെട്ടു പലതും കാട്ടിക്കൂട്ടുന്നുവെന്നല്ലാതെ ഏതെങ്കിലും കാര്യം വ്യക്തമായി ചിന്തിച്ച ശേഷം ചെയ്യാറുണ്ടോ? ലോകക്രമം തന്നെ മാറ്റിമറിക്കുന്നത് ഈ ചിന്താശൂന്യതയല്ലേ? ഒരുദാഹരണമെടുക്കുക. കോട്ടയം പട്ടണത്തിൽ അൻപതുകൊല്ലം മുൻപ് ഒരു ജില്ലാ ആശുപത്രി മാത്രമാണ് ആരോഗ്യപരിരക്ഷണത്തിനായി ഉണ്ടായിരുന്നത്. ഇന്നു മെഡിക്കൽ കോളജും അതിനു തുല്യം വരുന്ന എണ്ണമറ്റ സ്വകാര്യാശുപത്രികളും നമുക്കുണ്ട്. എവിടെ ചെന്നാലും നീണ്ട ക്യൂ കാണാം. ഒരിടത്തും ഒരു ബെഡ്ഡുപോലും ഒഴിവില്ല. പ്രഷർ, ഷുഗർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾ ആബാലവൃദ്ധം ജനങ്ങളെയും ബാധിക്കുന്നു.

**കോട്ടയം പട്ടണത്തിൽ അൻപതുകൊല്ലം മുൻപ് ഒരു ജില്ലാ ആശുപത്രി മാത്രമാണ് ആരോഗ്യപരിരക്ഷണത്തിനായി ഉണ്ടായിരുന്നത്. ഇന്നു മെഡിക്കൽ കോളജും അതിനു തുല്യം വരുന്ന എണ്ണമറ്റ സ്വകാര്യാശുപത്രികളും നമുക്കുണ്ട്. എവിടെ ചെന്നാലും നീണ്ട ക്യൂ കാണാം. ഒരിടത്തും ഒരു ബെഡ്ഡുപോലും ഒഴിവില്ല. പ്രഷർ, ഷുഗർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾ ആബാലവൃദ്ധം ജനങ്ങളെയും ബാധിക്കുന്നു. ജനസംഖ്യയിൽ വന്ന വർധനവു മാത്രമാണോ ഈ ആശുപത്രി വർധനയ്ക്കു കാരണം?**



ജനസംഖ്യയിൽ വന്ന വർധനവു മാത്രമാണോ ഈ ആശുപത്രി വർധനയ്ക്കു കാരണം? അനാരോഗ്യകരമായ ജീവിതശൈലിയും ആഹാരരീതിയുമാണ് ഇതിന് അടിസ്ഥാന കാരണമെന്നു നമുക്കു വ്യക്തമായറിയാം. ഈ അറിവു പകരാൻ അനുദിനം ബോധവത്കരണ സെമിനാറുകളും സർക്കാർ പ്രചാരണ പരിപാടികളും നടക്കുന്നുമുണ്ട്. എന്നിട്ടും നാം കഞ്ഞികുടിച്ചു വെറും കഞ്ഞിയാകാൻ തയ്യാറല്ല. പൊറോട്ടയും ബീഫും ചിക്കനും മട്ടനും ബർഗറും ഒക്കെയാണു ചെറിയ കുട്ടികൾക്കു പോലും താത്പര്യം. അതിനും പുറമെ ബേക്കറികളിൽ നിന്നും ലഭിക്കുന്ന ആരോഗ്യനാശിനികളായ വിവിധ വസ്തുക്കളും. നൂഡിൽസിന്റെ പരസ്യം കാണുന്ന കുട്ടി ഒരിക്കലും വീട്ടു ഭക്ഷണങ്ങളോടു പ്രിയം കാണിക്കുകയില്ല. അനേകം രോഗവാഹികളായ ഭക്ഷ്യവസ്തുക്കൾ ഇന്നു നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു; പരസ്യത്തിലൂടെ മാത്രം!

ഇതെല്ലാം എല്ലാവർക്കുമറിയാം. എന്നാലും, മക്കളോടുള്ള സ്നേഹവാത്സല്യപ്രകടനങ്ങൾ ഇമ്മാതിരി വിശിഷ്ട ഭോജ്യങ്ങൾ വാങ്ങിക്കൊടുത്താണു നാം പ്രകടിപ്പിക്കുന്നത്. 'അവനതാണിഷ്ടം. പിന്നെന്താ ചെയ്യുക' എന്ന് ഒരു നീതികരണവും നാം കണ്ടെത്തും. താത്ക്കാലികമായി ആ ഇഷ്ടത്തെ നിരാകരിച്ചില്ലെങ്കിൽ അവന്റെ ശരീരം രോഗങ്ങളുടെ ആവാസകേന്ദ്രമായി മാറും എന്ന സത്യം എന്തേ നമുക്ക് ഓർക്കാൻ കഴിയുന്നില്ല. പരസ്യങ്ങളുടെ മാന്ത്രികവലയത്തിൽ എന്തേ നാം പെട്ടുപോകുന്നു?

ഈ കുറിപ്പ് എഴുതാൻ പ്രേരകമായത് ഒരു പത്രവാർത്തയാണ്. മലയാള മനോരമ 16-5-2011ൽ 'മൊബൈൽ ഫോൺ ആപത്ത്. സ്കൂളിൽ വിലക്കാൻ ശുപാർശ' എന്ന വലിയ തലക്കെട്ടിൽ ഒരു വാർത്ത വന്നതു പലരും ശ്രദ്ധിച്ചു കാണും. നിർവികാരമായി വായിച്ചുവിട്ടും കാണും. കൗൺസിൽ ഓഫ് യൂറോപ്പ് എന്ന വിദഗ്ദ്ധ ആരോഗ്യസമിതിയാണു മൊബൈൽ ഫോണും ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടറുകളും വിദ്യാലയങ്ങളിൽ ഉടൻ നിരോധിക്കണമെന്നു കർശനമായി നിർദേശിച്ചിരിക്കുന്നത്.ഈ ഉപകരണങ്ങളിൽ നിന്നുള്ള ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ മാരകമായ കാൻസറിനും തലച്ചോറിന്റെ നാശത്തിനും കാരണമാകുമെന്നാണ് അവർ ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിരിക്കുന്നത്.



നാം നമ്മുടെ മക്കളോടു വാത്സല്യം പ്രകടിപ്പിക്കുന്നതു വീട്ടിൽ ഇൻർനെറ്റ് കണക്ഷൻ എടുത്തുകൊടുത്തും മൊബൈൽ വാങ്ങിക്കൊടുത്തുമാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. മണിക്കൂറുകളോളം ചാറ്റുചെയ്തും തുടർന്നു ചീറ്റു ചെയ്യപ്പെടുന്നതിനും പുറമെയാണ് അവർക്കു മാരകരോഗങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന അറിവ്.

> **നാം നമ്മുടെ മക്കളോടു വാത്സല്യം പ്രകടിപ്പിക്കുന്നതു വീട്ടിൽ ഇൻർനെറ്റ് കണക്ഷൻ എടുത്തുകൊടുത്തും മൊബൈൽ വാങ്ങിക്കൊടുത്തുമാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. മണിക്കൂറുകളോളം ചാറ്റുചെയ്തും തുടർന്നു ചീറ്റു ചെയ്യപ്പെടുന്നതിനും പുറമെയാണ് അവർക്കു മാരകരോഗങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന അറിവ്. മൊബൈൽ അധികനേരം കാതോട് ചേർത്തുപിടിച്ചാൽ വല്ലാതെ ചൂടാകുന്നതു നമുക്കു നേരിട്ടു ലഭിക്കുന്ന പ്രാഥമിക അറിവാണ്. മണിക്കൂറുകളോളം ഇരുകാതുകളിലും മാറിമാറി മൊബൈൽ ചേർത്തു പിടിച്ചു സല്ലപിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ കാൻസറിനുവേണ്ടിയുള്ള 'പുത്രകാമേഷ്ടിയാഗം' നടത്തുകയാണെന്ന് ഇനിയെങ്കിലും നാം തിരിച്ചറിയണം!**



മൊബൈൽ അധികനേരം കാതോട് ചേർത്തുപിടിച്ചാൽ വല്ലാതെ ചൂടാകുന്നതു നമുക്കു നേരിട്ടു ലഭിക്കുന്ന പ്രാഥമിക അറിവാണ്. മണിക്കൂറുകളോളം ഇരുകാതുകളിലും മാറിമാറി മൊബൈൽ ചേർത്തു പിടിച്ചു സല്ലപിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ കാൻസറിനു വേണ്ടിയുള്ള 'പുത്രകാമേഷ്ടിയാഗം' നടത്തുകയാണെന്ന് ഇനിയെങ്കിലും നാം തിരിച്ചറിയണം! കമ്പ്യൂട്ടറുമായി നിരന്തരം സമ്പർക്കം നടത്തുന്ന പലർക്കും മുപ്പതു വയസ്സിൽ തന്നെ വാർധക്യം ബാധിക്കുന്നതായി അനേകം ആരോഗ്യ സർവേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ടി.വി. പോലും നിശ്ചിതദൂരം പാലിക്കാതെ കണ്ടാൽ റേഡിയേഷൻ മൂലമുള്ള രോഗങ്ങൾ ഉണ്ടാകുമെന്നു നമുക്കറിയാം.

അതേ, നമുക്കെല്ലാം അറിയാം. കാരണം, നാം സാക്ഷരതയുള്ള ജനവിഭാഗമാണല്ലോ.അറിവിന്റെ കാര്യത്തിൽ നമ്മെ ആർക്കും തോല്പിക്കാനാവില്ല. പക്ഷേ, സാക്ഷരരായ നാം അനുകരണഭ്രമത്തിൽ പെട്ടു കഴിയുമ്പോൾ ആർത്തിപെരുത്ത രാക്ഷസരായി മാറുന്നു. എൻഡോസൾഫാന്റെ എല്ലാ മാരകശക്തിയെയും മനസ്സിലാക്കിക്കൊണ്ടു നാം അത് ഉപയോഗിച്ചു ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തുന്നു. അന്യന്റെ നരകയാതനയെക്കാൾ നമ്മുടെ ലാഭമാണു പ്രധാനം. അയല്ക്കാരന്റെ കുട്ടി ആറായിരത്തിന്റെ മൊബൈൽ ചെവിയിൽ ചേർത്തു നടക്കുമ്പോൾ നാം പന്തീരായിരത്തിന്റെ ഫോൺ വാങ്ങി നമ്മുടെ കുട്ടികൾക്കു കൊടുക്കും. അങ്ങനെ തോല്ക്കാൻ നമുക്ക് ഇപ്പോ മനസ്സില്ല!

തോല്ക്കരുത്. ഒരിടത്തും തോല്ക്കരുത്. ഈ വാശി എപ്പോഴും ഉണ്ടാവണം. അതു നല്ല കാര്യങ്ങൾക്കാവുന്നതല്ലേ നല്ലത് എന്നു ചിന്തിക്കണം. ജീവിതം നമ്മുടെ കയ്യിൽ നിന്നു വഴിവിട്ടുപോവുകയാണ്. മൊബൈൽ പരസ്യത്തിൽ പറയുന്നതു പോലെ, ഇനിയെങ്കിലും 'ഗെറ്റ് ഐഡിയ'. അവന്റെ ഐഡിയയെക്കാളും വലുതാണു നമ്മുടെ ഐഡിയ എന്നു തെളിയിച്ചു കൊടുക്കുക, ഭാവിതലമുറയെ രക്ഷിക്കുക, പ്ലീസ്.

***



# ശല്യർ സേനാധിപത്യം ഏറ്റെടുക്കുന്നു

പുനരാഖ്യാനം

**മഹാഭാരതം - 123**

സവ്യസാചി

**ക**ർണ്ണൻ മരിച്ചതറിഞ്ഞു ദുര്യോധനൻ വല്ലാതെ ദുഃഖിതനായി. കൈനിലയിൽ വിഷാദിയായിരിക്കുന്ന കൗരവരാജനെ കാണാൻ സേനാധിപനായ ശല്യർ കടന്നുചെന്നു. അദ്ദേഹം പറഞ്ഞു: ദുര്യോധനാ, നമ്മുടെ യുദ്ധക്കളം ഇപ്പോൾ യമരാജന്റെ രാജധാനിപോലെയാണ്. ആനകളും കുതിരകളും യുദ്ധവീരന്മാരും എണ്ണിയാലൊടുങ്ങാത്തവിധം ചത്തുകിടക്കുന്നു.

എങ്കിലും ദുഃഖിക്കേണ്ട ദുര്യോധനാ, ദൈവം ഇന്നു പാണ്ഡവരെ സംരക്ഷിക്കുന്നു, നമ്മളെ ശിക്ഷിക്കുന്നു. നീ പ്രതീക്ഷയർപ്പിച്ച വീരന്മാരെല്ലാം രക്തസാക്ഷികളായി കഴിഞ്ഞിരിക്കുന്നു. അവരെ ഭീമനും അർജ്ജുനനും ഒന്നൊന്നായി കാലപുരിക്കയയ്ക്കുകയാണു ചെയ്തത്. ദുഃഖിച്ചിട്ടു കാര്യമില്ല. ദൈവനിശ്ചയമേതോ അതേ നടക്കൂ.

അപ്പോൾ പാണ്ഡവപാളയത്തിൽ ആഹ്ലാദസമുദ്രം തിരതല്ലുകയായിരുന്നു. സൈനികർ ആർത്തുവിളിച്ചു നടന്നു. ഭീമാർജ്ജുനന്മാർക്കു ജയ് വിളികൾ ഉയർന്നു. കർണ്ണന്റെ പതനത്തിനൊപ്പം ശംഖുകൾ ഉച്ചത്തിലുച്ചത്തിൽ മുഴങ്ങി. പെരുമ്പറനാദങ്ങളും കാഹളം വിളികളും അന്തരീക്ഷത്തിൽ നിറഞ്ഞു. എവിടെയും ഉത്സവപ്രതീതി.

കർണ്ണവധം കഴിഞ്ഞു മടങ്ങിയെത്തിയ അർജ്ജുനനെ യുധിഷ്ഠിരൻ ആലിംഗനം ചെയ്തും സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞും സ്വീകരിച്ചു. അദ്ദേഹത്തിന്റെ സന്തോഷത്തിനതിരില്ലായിരുന്നു. അദ്ദേഹം അർജ്ജുനനോടു പറഞ്ഞു. പാർത്ഥാ, പതിമൂന്നുവർഷങ്ങൾക്കുശേഷം ഞാൻ സമാധാനമായുറങ്ങുന്നത് ഇന്നായിരിക്കും. ഇത്രയും കാലം എന്റെ ഉറക്കം നിരന്തരം കെടുത്തിക്കൊണ്ടിരുന്നത് ആ കർണ്ണനൊരാൾ മാത്രമായിരുന്നു. അവൻ നിന്നെ വധിക്കുമെന്നോർത്തു ഞാൻ അനുഭവിച്ച വേദനയ്ക്ക് അതിരുകളില്ല. ഇനിയെനിക്കു സമാധാനമായി.

അപ്പോൾ ഹസ്തിനപുരത്തിൽ ഒരാൾക്ക് ഉറക്കം എന്നെന്നേക്കുമായി നഷ്ടപ്പെടുകയായിരുന്നു- ധൃതരാഷ്ട്രർക്ക്. കർണ്ണൻ കൂടി വധിക്കപ്പെട്ടതറിഞ്ഞ ധൃതരാഷ്ട്രർ മോഹാലസ്യപ്പെട്ടുപോയി. സേവകർ ഓടിയെത്തി തീർത്ഥം തളിച്ചും വെൺചാമരങ്ങൾ വീശിയും അദ്ദേഹത്തിന്റെ ആലസ്യം മാറ്റിയെടുത്തു. എഴുന്നേറ്റിരുന്നുകൊണ്ടു ഹസ്തിനപുര രാജാവു തേങ്ങി: സഞ്ജയാ, ഇനിയൊന്നും ബാക്കിയില്ല. എന്റെ മക്കൾക്ക് ഏക ആശ്രയമായിരുന്നു കർണ്ണൻ. അവൻ ജയംനേടിക്കൊടുക്കുമെന്നാണു ദുര്യോധനൻ എന്നോടു നിരന്തരം സ്വകാര്യം പറഞ്ഞിരുന്നത്. എന്നിട്ടിപ്പോൾ, കഷ്ടം.!

മഹാരാജാവേ, വിഷമിച്ചിട്ടെന്തു കാര്യം? സംഭവിക്കാനുള്ളതു സംഭവിച്ചേ മതിയാകൂ. ഞാൻ പലകുറി പറഞ്ഞുകഴിഞ്ഞതാണ്. അങ്ങെപ്പോഴും വെള്ളമൊഴുകിപ്പോയി കഴിഞ്ഞാണു ചിറകെട്ടുന്നത്. ശ്രീകൃഷ്ണന്റെ സഹായമുള്ള പാണ്ഡവരെ തോല്പിക്കുക അസാധ്യമാണെന്നു ഞാനങ്ങയോടു പറഞ്ഞിരുന്നല്ലോ. പുത്രവാത്സല്യം കൊണ്ടു മനസ്സിന്റെ കണ്ണുകൾ അടഞ്ഞുപോയ അങ്ങേക്കു യാഥാർത്ഥ്യം മനസ്സിലാക്കാൻ ഒരിക്കലും കഴിഞ്ഞിരുന്നില്ല. ഇപ്പോളിതാ, നൂറു പുത്രന്മാരും നഷ്ടപ്പെട്ട് അവിടുന്ന് അശരണനായിത്തീരാൻപോകുന്നു. ഇനി വിലപിച്ചിട്ടുകാര്യമില്ല.

ദുര്യോധനന്റെ യുദ്ധക്കൊതി എന്നിട്ടും അടങ്ങിയില്ല. തന്റെ സൈന്യം മരണഭീതിയോടെ പിന്തിരിഞ്ഞോടുന്നതു കണ്ട ദുര്യോധനൻ അവരെ തടഞ്ഞു നിർത്താൻ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. പതിനേഴു യുദ്ധദിനങ്ങൾ പൂർത്തിയായിട്ടും വിജയപ്രതീക്ഷ കൈവിടാൻ അയാൾക്കു സാധിച്ചില്ല.

രാത്രിയിൽ കൈനിലയിൽ ഉറക്കമില്ലാതെ ചടഞ്ഞിരുന്ന ദുര്യോധനനെ കൃപാചാര്യർ ചെന്നു കണ്ടു.

ദുര്യോധനാ, ഞാൻ നിന്നോടൊരു കാര്യം പറയാനാണു വന്നത്. നിനക്കിഷ്ടമെങ്കിൽ സമ്മതിച്ച് അതനുസരിച്ചു പ്രവർത്തിച്ചാലും.

ഗുരുനാഥാ, ദുര്യോധനൻ മനം നൊന്തു വിളിച്ചു. അങ്ങുദ്ദേശിച്ചതു പറഞ്ഞാലും. എനിക്കു ഹിതകരമായതേ അങ്ങു പറയൂ എന്നെനിക്കുറപ്പുണ്ട്.

അപ്പോൾ കൃപാചാര്യർ പറഞ്ഞു: ഉണ്ണീ, ക്ഷത്രിയന്റെ പ്രമുഖവും പ്രാഥമികവുമായ ധർമ്മമാണു യുദ്ധം. മകൻ, പിതാവ്, സഹോദരൻ, മാതുലൻ, ഭാഗിനേയൻ, സ്വന്തക്കാർ, ബന്ധുക്കൾ തുടങ്ങി ഏവരും ക്ഷത്രിയനു യുദ്ധത്തിൽ വധ്യരാണ്. അവനു വധമാണു ധർമം, ഒഴിഞ്ഞു മാറലാണ് അധർമം. ഇതോർത്തു കൊണ്ടു തന്നെ ഞാൻ പറയട്ടെ, ഭീഷ്മർ ശരശയ്യയിൽ കിടക്കുന്നു. ദ്രോണരും ജയദ്രഥനും ദുശ്ശാസനനും മരണമടഞ്ഞു. നിന്റെ അനുജന്മാരും മകൻ ലക്ഷ്ണനും വീരസ്വർഗം പ്രാപിച്ചു. ഇനിയാരാണു നമുക്കാശ്രയം? അപ്പുറത്തു പാണ്ഡവർ എല്ലാവരും തന്നെ കരുത്തരായി ക്ഷീണമേതുമില്ലാതെ നിലകൊള്ളുന്നു. അഭിമന്യുവിന്റെയും ഘടോൽകചന്റെയും നഷ്ടം അവരെ വേദനിപ്പിച്ചുണ്ടാകാം. എങ്കിലും അവർ അധൃഷ്യരായി നിലകൊള്ളുകയാണ്. ശ്രീകൃഷ്ണൻ സാരഥിയായിരിക്കുന്ന പാർത്ഥനെ ജയിക്കുന്നതിനെപ്പറ്റി ആർക്കും സ്വപ്നം കാണാൻപോലുമാവില്ല.

നിങ്ങൾ സാധുക്കളോടു കാട്ടിയത് അസാധുത്തൊഴിലാണ്. നീയൊരാളുടെ സ്വാർത്ഥംമാത്രമാണ് ഈ മഹായുദ്ധത്തിനു കാരണം. സ്വാർത്ഥം മുൻനിർത്തിയുള്ള ഒരു സാഹസവും ജ



അശ്വത്ഥാമാവിന്റെ
അഭിപ്രായം മാനിച്ചു
ദുര്യോധനൻ ശല്യരെ
സേനാനായകനായി
അഭിഷേകം ചെയ്തു.

യം നേടുകയില്ല. നമ്മൾ ദിവസം തോറും ക്ഷയിച്ചുവരുന്നു. അവരാകട്ടെ കൂടുതൽ കൂടുതൽ കരുത്തരായിവരുന്നു. അതുകൊണ്ടു പാണ്ഡവരുമായി ഇനിയെങ്കിലും സന്ധിചെയ്യണം.

ശ്രേയസ്സു കാണാത്തവനും ശ്രേയസ്സിനെ നിന്ദിക്കുന്നവനും രാജ്യഭ്രഷ്ടനാകും. ശേയസ്സു നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് ഇപ്പോൾ നീ നിന്റെ ശ്രേയസ്സിൽ ശ്രദ്ധവയ്ക്കണം. യുധിഷ്ഠിരനുമായി സൗഹാർദത്തിലാകുക. രാജ്യഭോഗങ്ങൾ അനുഭവിച്ചു വാഴുക. നിന്റെ അച്ഛൻ പറഞ്ഞാൽ ശ്രീകൃഷ്ണൻ സമ്മതിക്കാതിരിക്കില്ല. ശ്രീകൃഷ്ണൻ പറഞ്ഞാൽ

ധർമപുത്രർ കേൾക്കാതിരിക്കില്ല. ധർമപുത്രർ സമ്മതിച്ചാൽ ഭീമാർജുനന്മാരും സമ്മതിക്കും. അതിനു ഞാൻ തന്നെ മുൻകൈയെടുക്കാം.

ഇത്രയും പറഞ്ഞു കൃപാചാര്യർ താങ്ങാനാവാത്ത ഹൃദയവേദനയോടെ നെടുവീർപ്പിട്ടിരുന്നുപോയി.

തനിക്കു പ്രിയമല്ലാത്ത ഗുരുവചനങ്ങൾ കേട്ടിട്ടും ദുര്യോധനൻ ഒട്ടും ക്ഷുഭിതനായില്ല. കുറച്ചുനേരം മൗനമായിരുന്നശേഷം ഇങ്ങനെ പറഞ്ഞു തുടങ്ങി : കൃപഗുരോ, ആയുധവിദ്യയുടെ ആദ്യപാഠങ്ങൾ ഞങ്ങൾക്കു പറഞ്ഞു തന്ന ഗുരുനാഥനാണവിടുന്ന്. അങ്ങൊരിക്കലും ശിഷ്യർക്ക് അഹിതമായതു പറയില്ല. പറയേണ്ടതു തന്നെയാണവിടുന്നു പറഞ്ഞത്. പക്ഷേ, ഗുരോ, അതെങ്ങനെ അനുസരിക്കാൻ കഴിയും? ഒരു പരാജിതന്റെ സന്ധിപ്രേമം വിജയികൾക്കു സമ്മതിച്ചുതരാനാകുമോ? പാണ്ഡവരോടു ഞാൻ ചെയ്ത അകൃത്യങ്ങൾ അവർക്കു പൊറുക്കാൻ കഴിയുമോ?

ഭീമനെ കൊല്ലാൻ ശ്രമിച്ചത്, അരക്കില്ലത്തിൽ അവരെ മുഴുവൻ ചുട്ടുകരിക്കാൻ പദ്ധതിയിട്ടത്, കള്ളച്ചൂതിൽ തോല്പിച്ചത്, രാജ്യം തട്ടിയെടുത്തത്, വനവാസത്തിനും അജ്ഞാതവാസത്തിനും അയച്ചത്, കൃഷ്ണയെ സഭയിൽ അപമാനിച്ചത്, അഭിമന്യുവിനെ ചതിയിൽ വധിച്ചത് -ഇതെല്ലാം ഗുരോ, അവർക്കു ക്ഷമിക്കാൻ കഴിയുമോ? അവരുമായി ഞാനെങ്ങനെ സന്ധിചെയ്യും? അവരെങ്ങനെ എന്നെ വിശ്വസിക്കും?

മാത്രവുമല്ല, സർവതന്ത്രസ്വതന്ത്രനായി സഹോദരങ്ങളോടൊത്തു രാജ്യം വാണ ഞാൻ അവരുടെ ഔദാര്യം സ്വീകരിച്ചു കഴിയുന്നതെങ്ങനെ? ക്ഷത്രിയൻ യുദ്ധത്തിലാണു മരിക്കേണ്ടത്. വൃദ്ധനായി, രോഗബാധിതനായി വീട്ടിൽ കിടന്നല്ല. അതുകൊണ്ട് എനിക്കും യുദ്ധത്തിൽ മരണമാണു പ്രിയം. കർണനും ജയദ്രഥനും ദുശ്ശാസനനുമൊക്കെ എവിടെയെത്തിയോ, ആ വീരസ്വർഗത്തിലാണെന്റെയും ഇടം. അതുകൊണ്ടു ഗുരുനാഥാ, ക്ഷമിക്കണം. ഞാനിതാ യുദ്ധക്കളത്തിലിറങ്ങുകയായി. ഇനി സന്ധിയും സമാധാനവും ആവശ്യമില്ല. ആയുധങ്ങൾ സംസാരിക്കട്ടെ. ജീവിതവും മരണവും എനിക്കൊരുപോലെയാണ്.

ഇതു കേട്ടു കൗരവസേനകൾ ആവേശഭരിതരായി. ദുര്യോധനൻ പറയേണ്ടതുതന്നെയാണു പറഞ്ഞതെന്നവർ അഭിമാനം കൊണ്ടു. വർധിതവീര്യത്തോടെ യുദ്ധത്തിനിറങ്ങാൻ സന്നദ്ധരായി നിന്നു.

പിറ്റേന്നു പ്രഭാതത്തിൽ തന്നെ അശ്വത്ഥാമാവിന്റെ അഭിപ്രായം മാനിച്ചു ദുര്യോധനൻ ശല്യരെ സേനാനായകനായി അഭിഷേകം ചെയ്തു.

അഭിഷേകമേറ്റ ശല്യർ താൻ പാണ്ഡവരെ മുഴുവൻ സംഹരിക്കുമെന്നും ശത്രുക്കളില്ലാത്ത ഒരു രാജ്യം ദുര്യോധനനെ ഏല്പിക്കുമെന്നും വീമ്പു പറഞ്ഞു. ദുര്യോധനൻ സന്തുഷ്ടനായി.

വാർത്ത ചാരന്മാർ മുഖേന അപ്പോൾ തന്നെ പാണ്ഡവപാളയത്തിൽ അറിഞ്ഞു. ഭീഷ്മർക്കും ദ്രോണർക്കും പിന്നെ കർണനും കഴിയാതെ പോയ കാര്യം താനൊറ്റയ്ക്കു സാധിക്കുമെന്ന ശല്യരുടെ വീരസ്യം ഒരു തമാശയായേ പാണ്ഡവർക്കു തോന്നിയുള്ളു. അവർ അതോർത്തു കുറെ ചിരിക്കുകയും ചെയ്തു.

അപ്പോൾ ശ്രീകൃഷ്ണൻ ധർമപുത്രരോടു പറഞ്ഞു: യുധിഷ്ഠിരാ, ശല്യർ അത്രയ്ക്കു നിസ്സാരനാണെന്നു കരുതരുത്. ചിലപ്പോൾ ശക്തന്മാർ ദുർബലരോടു തോറ്റുപോയെന്നു വരാം. എതിരാളിയുടെ ശക്തി കുറച്ചു കാണുന്നതാപത്താണ്. അയാളെക്കൂടി നിഗ്രഹിച്ചാലേ നമുക്കു ലക്ഷ്യം നേടാനാവൂ.

പാർത്ഥസാരഥിയുടെ മുന്നറിയിപ്പ് അർഹിക്കുന്ന ഗൗരവത്തോടെ തന്നെ പാണ്ഡവർ ഉൾക്കൊണ്ടു. അവസരം കിട്ടിയാൽ തനിക്കു ശല്യരെ തോല്പിച്ചു വധിക്കണമെന്നു യുധിഷ്ഠിരൻ തന്റെ ആഗ്രഹം അവരെ അറിയിക്കുകയും ചെയ്തു. *(തുടരും)*

**കൃപർ പറഞ്ഞു:**

ന ജാനീതേ ഹി യ: ശ്രേയ:
ശേയസശ്ചാവമന്യതേ
സ ക്ഷിപ്രം ദൃശ്യതേ രാജ്യാത്
ന ശ്രേയോ്നുവിന്ദതേ

*(ശ്രേയസറിയാത്തവനും ശ്രേയസിനെ നിന്ദിക്കുന്നവനും പെട്ടെന്നു തന്നെ രാജ്യഭ്രഷ്ടനാകും; അവനു ശ്രേയസുണ്ടാവുകയുമില്ല)*

## വെള്ളരിയിൽ ഇ-കോളി

# ഭീതിവിതച്ചു മരണങ്ങൾ



ഭക്ഷ്യവിഷബാധയേറ്റുള്ള മരണങ്ങൾ റിപ്പോർട്ടു ചെയ്തതിനെത്തുടർന്നു ജർമനിയിൽ ഭീതി പടർന്നു. ഹാംബർഗിലും പരിസരപ്രദേശങ്ങളിലും നിന്നായി പത്തിലധികം മരണങ്ങൾ സ്ഥിരീകരിച്ചു കഴിഞ്ഞു. സ്പെയിനിൽ നിന്നും ഇറക്കുമതി ചെയ്ത വെള്ളരിക്കയാണു ഭക്ഷ്യവിഷബാധയ്ക്കു കാരണമായതെന്നാണു പ്രാഥമിക വിലയിരുത്തൽ. ഇവയിൽ ഇ-കോളി ബാക്ടീരിയ അപകടകരമാംവിധം അടങ്ങിയിരുന്നുവത്രെ. നൂറുകണക്കിനുപേരെയാണു ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. ജർമനിയിലെ ഈ പ്രശ്നബാധിതമേഖലകളിൽ യാത്രയുടെ ഭാഗമായി തങ്ങി തിരിച്ചെത്തിയ മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരും ചികിത്സതേടിയിട്ടുണ്ട്. അവർക്കും ഭക്ഷ്യവിഷബാധയേറ്റതായാണു വിവരം.

ഇ-കോളി ബാക്ടീരിയ മനുഷ്യരിൽ കിഡ്നിയുടെയും കേന്ദ്രനാഡീവ്യൂഹത്തിന്റെയും പ്രവർത്തനങ്ങളെ ബാധിക്കും. ഇഷേറിഷിയ കോളി എന്നതാണ് ഇ-കോളിയുടെ പൂർണരൂപം. ദണ്ഡിന്റെ ആകൃതിയിലുള്ള ഈ ബാക്ടീരിയ ഇനങ്ങളിൽ ബഹുഭൂരിപക്ഷവും അത്ര അപകടകാരികളല്ല. പക്ഷേ, 0157:47 എന്നതുൾപ്പെടെയുള്ള ഇനങ്ങൾ ജീവനുതന്നെ കൊടിയ ഭീഷണിയാണ്. ഇവ പ്രധാനമായും ഭക്ഷ്യവസ്തുക്കളിലൂടെയാണു മനുഷ്യശരീരത്തിൽ എത്തുന്നത്.

***



# ഒത്താൽ തുരത്താം

കാട്ടിൽ പടർന്നു പന്തലിച്ച ഒരു വൃക്ഷത്തിലായിരുന്നു കുരുവിക്കുടുംബം കൂടുകെട്ടിയത്. അവരാക്കൂട്ടിൽ താമസിച്ചുകൊണ്ടിരിക്കെ പെൺകുരുവി കൂട്ടിൽ മുട്ടകളിട്ടു. മുട്ടകൾ വിരിഞ്ഞു കുഞ്ഞുങ്ങളെക്കാണാൻ കുരുവികൾ ദിവസങ്ങൾ എണ്ണിയെണ്ണി കാത്തിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരാന ആ വൃക്ഷത്തിന്റെ തണലിൽ വന്നു. വൃക്ഷത്തിന്റെ താഴ്ന്ന ചില്ലകളെല്ലാം അവൻ വലിച്ചൊടിച്ചു താഴെയിട്ടു. ഈ ചില്ലകളിൽ ഒന്നിൽ കെട്ടിയൊരുക്കിയിരുന്ന കുരുവിക്കൂടു താഴെ വീണു മുട്ടകളെല്ലാം പൊട്ടിച്ചിതറി. കുരുവികൾ ഒരുവിധം മറ്റൊരു മരച്ചില്ലയിലേക്കു മാറിയിരുന്നു.

താഴെ വീണു തകർന്നു കിടക്കുന്ന മുട്ടകൾ നോക്കി പെൺകുരുവി കണ്ണീരൊഴുക്കി.

പെൺകുരുവിയുടെയും ആൺകുരുവിയുടെയും നിലവിളികേട്ടു മരംകൊത്തി പറന്നുവന്നു. കുരുവിക്കുടുംബത്തിന്റെ ആത്മസുഹൃത്തായിരുന്നു അവൻ.

തകർന്ന കൂടും പൊട്ടിച്ചിതറിയ കുരുവിമുട്ടയും കണ്ടു മരംകൊത്തിയുടെ കണ്ണിലും വെള്ളം നിറഞ്ഞു. കണ്ണീരൊക്കെ ഒരുവിധം അടക്കി പെൺകുരുവി പറഞ്ഞു: എന്റെ കുഞ്ഞുങ്ങളെ ആ ദുഷ്ടൻ മദയാന കൊന്നു. എന്റെ കുഞ്ഞുങ്ങളെക്കൊന്നവനോട് എനിക്കു പ്രതികാരം ചെയ്യണം. എന്നാലേ എനിക്കു സമാധാനം കിട്ടൂ.

മരംകൊത്തി അവളെ സമാധാനിപ്പിച്ചു പറഞ്ഞു: എന്റെ സുഹൃത്തായ പെൺകൊതുകിന്റെ ബുദ്ധിയിൽ ഉണ്ടാകും ചെറിയ പൊടിക്കൈകൾ. നമുക്ക് അവളെ പോയി കാണാം. ഇക്കാര്യത്തിൽ അവൾ സഹായിക്കാതിരിക്കില്ല.

അവർ ഉടനെ പെൺകൊതുകിനെ സമീപിച്ചു സഹായം അഭ്യർത്ഥിച്ചു. അവൾ പറഞ്ഞു:

എന്റെ ആത്മ സുഹൃത്ത് ഒരു തവളയുണ്ട്. മഹാബുദ്ധിമാനാണ്. അദ്ദേഹത്തെക്കൂടി വിളിക്കാം. കൂട്ടായ ഒരു ആലോചന എന്തിനും നല്ലതാണല്ലോ.

അവർ നേരെ തവളയെ സമീപിച്ചു കാര്യങ്ങളെല്ലാം പറഞ്ഞു.

തവള ഗാഢമായ ചിന്തയിലാണ്ടു. കുറെസമയം കഴിഞ്ഞപ്പോൾ അവൻ പറഞ്ഞു നമുക്കൊരുമിച്ചു നീങ്ങണം. നമ്മുടെ ബുദ്ധിയും ശക്തിയും ഒന്നിച്ചു ചേരുമ്പോൾ ആ മണ്ടൻ ആന നമ്മുടെ മുമ്പിൽ അടിയറവുപറയും.



തവള പദ്ധതി പറഞ്ഞു: ആന വിശ്രമിക്കുന്ന നേരം നോക്കി പെൺകൊതുക് അവന്റെ ചുറ്റിലും പറന്നു മനോഹരമായൊരു ഗാനം ആലപിക്കണം. നിന്റെ വീണാനാദം കേട്ട് അവൻ മയങ്ങും. ആ നേരത്തു മരംകൊത്തി പെട്ടെന്നു പറന്നുചെന്ന് അവന്റെ കണ്ണിൽ കൊത്തണം.

കണ്ണിൽ കൊത്തുകൊണ്ട ആന വിളറി പിടിച്ച് ഓടാൻ തുടങ്ങും. വേദനകൊണ്ടു കണ്ണുതുറക്കാൻ കഴിയാതെ, വഴിയറിയാതുള്ള ഓട്ടമായിരിക്കും. ഈ സമയത്തു ഞാനൊരു പൊട്ടക്കിണറിന്റെ വക്കിലിരുന്നു കരയും. അടുത്തു വെള്ളച്ചാലുണ്ടെന്നു കരുതി അവൻ ഓടിവന്നു പൊട്ടക്കിണറ്റിൽ വീഴും. അതോടെ അവന്റെ കഥ കഴിയും?

ഓഹോ മതി, മതി. എല്ലാവരും സമ്മതിച്ചു. നാമെല്ലാം ഒത്തൊരുമിച്ച് അവസരത്തിനൊത്തു പ്രവർത്തിക്കണം. വിജയം സുനിശ്ചിതം – തവള എല്ലാവരെയും ഓർമിപ്പിച്ചു.

മധ്യാഹ്നമായപ്പോൾ എല്ലാവരും ചേർന്ന് ആനയുടെ സമീപമെത്തി. ആന വിശ്രമിക്കുകയാണ്. പദ്ധതിപോലെ തന്നെ പെൺകൊതുക് ആനയുടെ കാതുകൾക്കു ചുറ്റും പറന്നു പാടാൻ തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ആനയുടെ കണ്ണുകൾ അടയാൻ തുടങ്ങി.

മരംകൊത്തി പക്ഷി പറന്നുചെന്ന് ആനയുടെ കണ്ണിൽ മാറിമാറിക്കൊത്തി. കണ്ണുപൊട്ടിയ ആന അലറിക്കൊണ്ട് ഓടാൻ തുടങ്ങി. ഈ സമയം തവള പൊട്ടക്കിണറ്റിന്റെ വക്കിലിരുന്നു കരയാൻ തുടങ്ങി.

“ക്രോം....ക്രോം...”

ആന അങ്ങോട്ടോടി. ആന ഓടി അടുക്കുന്നതു കണ്ടപ്പോൾ തവള കിണറ്റിൻ കരയിൽ നിന്നും ചാടിമാറി. ‘പധും’! കിണറ്റിൽ വീണ അവന്റെ കഥ കഴിഞ്ഞു.

ഒരുമയോടെ ഒത്താൽ ഏതു കൊമ്പനെയും തുരത്താം.

***

# മഴക്കവിതകൾ

തെരേസ പീറ്റർ



## മധുമഴ

വാ മഴ....മധുമഴ....പുതുമഴവായോ
ഒത്തുരസിക്കാം തെയ്താരാ.
പാടിവരൂ കളിയാടി വരൂ
തേൻമഴേ, പൊൻമഴേ തെയ്താരാ.



## പുതുമഴ

പുതുമഴമണ്ണിനു ചിരിയാട്ടം
പുതുമഴ പുല്ലിനു കളിയാട്ടം
പുതുമഴ മണ്ണിനു മധുമഴയായ്
പുതുമഴ പൊൻമഴ തെയ്താരാ.



## ചാറീം ചീറീം പാറീം

ചാറീം ചീറിം പാറീം പുതുമഴ
കുലംകുത്തിപ്പെയ്യുന്നു.
മണ്ണു ചിരിച്ചു പച്ചവിരിച്ചു
കുട്ടനുമുള്ളിൽ ചിരിയാട്ടം.



## മഴ വാ! മഴ വാ!

മാനത്തു കരിമുകിൽ ചാഞ്ചാട്ടം
പുതുമഴ പൂമഴ തെയ്താര.
മണ്ണിനു നല്ലൊരു ചിരിയാട്ടം
പുല്ലിനും പൂവിനും കളിയാട്ടം.



സഞ്ചാരസ്മരണ

ടി. കെ. മാറിയിടം

# തേനും പാലും ഒഴുകുന്ന നാട്

2009 സെപ്റ്റംബറിൽ വിശുദ്ധ നാടുകളിലൂടെ സഞ്ചരിക്കാനിടയാകുമ്പോൾ മനസ്സിലുദിച്ചതു സഹസ്രാബ്ദങ്ങൾക്കപ്പുറം സംഭവിച്ച ഒരു യാത്രയായിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിതരായി അജ്ഞാതമായൊരു വാഗ്ദത്ത ഭൂമി തേടി, കാലദേശങ്ങൾ താണ്ടി, ഇസ്രയേൽ ജനത നടത്തിയ ഒരു സുദീർഘ യാത്ര. അതിന്റെ വിവരണം ബൈബിളിലെ പുറപ്പാടു മുതൽ ജോഷ്വാവരെയുള്ള പുസ്തകങ്ങളിൽ പരന്നു കിടക്കുന്നു. അന്നു തന്റെ പ്രിയജനത്തിനു ദൈവം നല്കിയതു തേനും പാലും ഒഴുകുന്ന ഒരു നാടായിരുന്നു. ആ മണ്ണിലൂടെയാണു നാം ഇപ്പോൾ നടക്കുന്നത് എന്ന ഓർമ മനസ്സിൽ കുളിരുപാകി. പക്ഷേ, എവിടെയോ ഒരു സംശയം....

ഇവിടത്തെ ഒരു പട്ടണത്തിൽ നിന്നു മറ്റൊന്നിലേക്കു യാത്രയാകുമ്പോൾ കുറെ ദൂരത്തോളം നമ്മെ എതിരേല്ക്കാൻ ഫലവൃക്ഷങ്ങളുണ്ട്. ഒലിവു മരങ്ങൾ, മുന്തിരിത്തോട്ടങ്ങൾ, ഈന്തപ്പനകൾ. ക്രമേണ ഈ പച്ചപ്പു മറയുന്നു. പിന്നെ മണലും പാറക്കെട്ടുകളും ഊഷരമായ മലഞ്ചെരുവുകളും അവിടെ മേയുന്ന ആടുകൾ, നിസ്സംഗരായി മരുപ്പരപ്പിൽ നീങ്ങുന്ന ഒട്ടകങ്ങൾഎന്നിവയും




*യേശു യോഹന്നാനിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു എന്നു വിശ്വസിക്കപ്പെടുന്ന ജോർദാൻ നദിയിലെ കടവ്*

ഈ മരുഭൂമിയിലെവിടെയാ തേനും പാലും ഒഴുകുന്നത്.

ഒരു സഹയാത്രികൻ ഉറക്കെച്ചിന്തിച്ചു. ആ ചിന്ത എല്ലാവരുടേതുമായിരുന്നു. ഇസ്രായേൽ പൗരനായ ഗൈഡിൽ നിന്നു ലഭിച്ചതു വിശദമായ ഒരു മറുപടിയാണ്.

'തേൻ' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് ആ പദാർത്ഥം മാത്രമല്ല. തേൻ കിട്ടുന്നതു പൂക്കളിൽ നിന്ന്. പൂക്കൾ സസ്യത്തിൽ നിന്ന്. സസ്യം






*ഒലിവു മലയുടെ പാർശ്വത്തിൽ നിന്നുള്ള ജറുസലേം നഗരദൃശ്യം*

എന്നാൽ ഫലവർഗങ്ങളും അല്ലാത്തവയും ആകാം. (ഒലിവ്, മുന്തിരി, ഓക്ക്, ഈന്തപ്പന) ഏതിൽ നിന്നായാലും എന്തെങ്കിലും പ്രയോജനം ഉറപ്പാണ്. കായ്കൾ, പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എണ്ണകൾ, സസ്യനാരുകൾ, പഞ്ഞി, നൂല് അവ നെയ്തു വസ്ത്രങ്ങൾ..... ധാന്യങ്ങൾ പൊടിച്ച് ആഹാരമാക്കുന്നു. എണ്ണ കറികൾക്കും വിളക്കു കത്തിക്കാനും ഉപയോഗിക്കാം. വലിയ ഓക്കു വൃക്ഷങ്ങൾ വീട്ടുപകരണങ്ങളുമായി . അങ്ങനെ എല്ലാ വിധ സസ്യോത്പന്നങ്ങളും ഒരു പദത്തിൽ ഒതുങ്ങുന്നു- തേൻ!

‘പാൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതോ? വല്ലപ്പോഴും കിട്ടുന്ന മഴച്ചാറലുകൾ മണലാരണ്യത്തെ പച്ചപ്പണിയിക്കുന്നു. ആ പുല്പ്പുറങ്ങളിൽ ആടുമാടുകൾ മേഞ്ഞുനടക്കുന്നു. അവ ധാരാളം പാൽ തരുന്നു. പാലിൽ നിന്നു തൈര്, വെണ്ണ, നെയ്യ് എന്നിവ ലഭിക്കുന്നു. അവ ആഹാരത്തിനും പലഹാരത്തിനും ഉപയോഗിക്കാം.



*നാല്പതുദിവസത്തെ ഉപവാസത്തിനുശേഷം യേശുവിനെ പരീക്ഷിക്കുവാനായി സാത്താൻ കൂട്ടിക്കൊണ്ടുപോയി എന്നു വിശ്വാസികൾ കരുതുന്ന മല.*

ആടുമാടുകളുടെയും ഒട്ടകങ്ങളുടെയും മാംസം, തുകൽ , രോമം, കൊമ്പ്, അസ്ഥി എന്നിവയ്ക്കു ധാരാളം ഉപയോഗമുണ്ട്. തുകൽ വസ്ത്രങ്ങളും രോമക്കുപ്പായങ്ങളും തണുപ്പിനെ തടയുന്നു. തുകൽ വാറുകളും ചെരുപ്പുകളും നമുക്കു പരിചിതമാണ്. അടിയന്തിര ഘട്ടങ്ങളിൽ കൊമ്പുകൾകൊണ്ടു കാഹളം മുഴക്കിയാണ് ഗ്രാമത്തിലെ ജനങ്ങളെ വിളിച്ചുകൂട്ടിയിരുന്നത്. മൃഗക്കൊഴുപ്പുകൊണ്ടു വിളക്കു തെളിക്കാം. തുകൽ നിർമിതമായ തുരുത്തികളിൽ ആയിരുന്നു പണ്ടു വെള്ളം കൊണ്ടുപോയിരുന്നത്. അസ്ഥികൾ രാകിമിനുക്കി മൂർച്ചയാക്കിയാൽ പല വിധത്തിലുള്ള ആയുധങ്ങളായി. ശേഷിക്കുന്ന എല്ലുപൊടി വളമാക്കുകയും ചെയ്യാം.



*ഇസ്രയേലിലെ മരുഭൂപ്രദേശം*



*ചാവുകടൽ*

മുൻപു സൂചിപ്പിച്ച രോമക്കുപ്പായം നെയ്യുന്നതു ചെമ്മരിയാടുകളിൽ നിന്നു കത്രിച്ചെടുത്ത രോമം കൊണ്ടാണ്. മാംസത്തിന്റെ ഉപയോഗം എടുത്തു പറയാനില്ല. ചുരുക്കത്തിൽ പാൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു സകലവിധ മൃഗോത്പന്നങ്ങളുമാണ്. ഓൾ കൈൻഡ്സ് ഓഫ് ആനിമൽ പ്രൊഡക്ട്സ്!



*ദൂരക്കാഴ്ചയിൽ ഒലിവു മരങ്ങൾ*

ഗൈഡു പറഞ്ഞു നിർത്തി. ദീർഘമായി നിശ്വസിച്ചുകൊണ്ടു ഞങ്ങൾക്കു ചുറ്റും കണ്ണോടിച്ചു. തേടുന്നത് എങ്ങോ ഒളിച്ചിരിക്കുന്ന ഉർവരതയെ! അപ്പോൾ മനസ്സു പറഞ്ഞു:

പിതാവായ ദൈവം തന്റെ ജനത്തിന് ആവശ്യമായ വിഭവങ്ങളെല്ലാം ഈ മണ്ണിൽ ഒളിച്ചു വച്ചിരിക്കുന്നു. അവർ അവയെ കണ്ടെത്തിയപ്പോഴാണ് ഇവിടം തേനും പാലും ഒഴുകുന്ന നാടായത്.

***

# സി. അന്തപ്പായി (1862 – 1936)

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ കേരളത്തിന്റെ സാംസ്കാരികരംഗത്താകെ നിറഞ്ഞു നിന്ന പ്രതിഭാശാലിയായിരുന്നു സി. അന്തപ്പായി. അദ്ദേഹം ഓർമയായിട്ട് ഈ മെയ് 30ന് 75 വർഷം തികഞ്ഞു.

മലയാളത്തിലെ ആദ്യകാല നാടക പഠനഗ്രന്ഥം 'ഭാഷാനാടകപരിശോധന'യുടെ രചയിതാവെന്ന നിലയിൽ സാഹിത്യലോകത്തിൽ ഇന്നും അദ്ദേഹം ചർച്ചചെയ്യപ്പെടുന്നുണ്ട്. എങ്കിലും പൊതുധാരയിൽ ഏതാണ്ടു വിസ്മൃതനാണ് അന്തപ്പായി എന്നു പറയാം.

1862 ജനുവരി രണ്ടിനു തൃശൂരിൽ ചിറയത്തു കുടുംബത്തിലാണ് അന്തപ്പായിയുടെ ജനനം. വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെ കുറവായിരുന്ന അക്കാലത്തു തൃശൂരിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി അദ്ദേഹം എറണാകുളം മഹാരാജാസ് കോളജിൽ എഫ്.എ. (ഫെലോ ഓഫ് ആർട്സ്) വിദ്യാർത്ഥിയായി ചേർന്നു പഠനം തുടർന്നു. എഫ്.എ. പരീക്ഷ പാസ്സായ ഉടൻതന്നെ കൊച്ചി ഗവൺമെണ്ടിനു കീഴിൽ വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗസ്ഥനായി.

ജോലിയിലിരിക്കെ പ്രൈവറ്റായി പഠിച്ച അന്തപ്പായി ബി.എ. ബിരുദം എഴുതിയെടുത്തു. തുടർന്നു വനസംരക്ഷണവകുപ്പിൽ ശിരസ്തദാരായി പ്രമോഷൻ നേടിയ അദ്ദേഹം സ്റ്റാമ്പു സൂപ്രണ്ട്, രജിസ്ട്രേഷൻ സൂപ്രണ്ട്, സഹകരണസംഘം രജിസ്റ്റാർ എന്നിങ്ങനെ ഔദ്യോഗികജീവിതത്തിൽ പടിപടിയായി ഉയർന്നു.

അക്കാലത്തു കൊച്ചിരാജാവിന്റെ ദിവാൻ സ്ഥാനം വഹിച്ചിരുന്നത് ഒരു എ.ആർ. ബാനർജിയായിരുന്നു. ഭരണമണ്ഡലത്തിൽ ജാതീയവും മതപരവുമായ പരിഗണനകൾ വ്യാപകമായിരുന്നു. സ്വാഭാവികമായും സവർണവിഭാഗം ഏറെ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും അവർണവിഭാഗം തീർത്തും അവഗണിക്കപ്പെടുകയും ചെയ്തു. ഉദ്യോഗവും പ്രമോഷനും ശമ്പള നിർണയവുമൊക്കെ ഇത്തരം പരിഗണനകൾക്കു വിധേയവുമായിരുന്നു.

ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും, ദിവാന്റെ ഭരണപരമായ വൈകല്യങ്ങളെ വിമർശിച്ചുകൊണ്ടും സി. അന്തപ്പായി ചില ലേഖനങ്ങൾ



എഴുതി മദ്രാസിൽ നിന്നുള്ള ഒരു ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധീകരിച്ചു. തൂലികാനാമത്തിലാണു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതെങ്കിലും ദിവാൻ രഹസ്യാന്വേഷണത്തിലൂടെ അന്തപ്പായിയെ തിരിച്ചറിയുകയും അദ്ദേഹത്തെ സർവീസിൽ നിന്നു ഡിസ്മിസ് ചെയ്യുകയും ചെയ്തു.

ഡിസ്മിസ് ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥന് പെൻഷനുൾപ്പെടെയുള്ള യാതൊരുവിധ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കും അവകാശമില്ല. അന്തപ്പായി രാജാവിനു പാരാതിയും മാപ്പപേക്ഷയും നല്കി. രാജാവു ദിവാന്റെ നടപടി തിരുത്തി, അന്തപ്പായി സർവീസിൽ നിന്നു രാജിവച്ചതായി കണക്കാക്കാൻ കല്പിക്കുകയും അദ്ദേഹത്തിന് 85 രൂപ പ്രതിമാസ പെൻഷൻ അനുവദിക്കുകയും ചെയ്തു.

1913ലാണ് ഈ സംഭവം. സംസ്ഥാനത്തെ ഉന്നതമായ ഉദ്യോഗങ്ങളിലൊന്നു വഹിക്കുന്ന വ്യക്തിയെന്ന നിലയിൽ, മൗനം പാലിച്ചിരുന്നെങ്കിൽ അന്തപ്പായിക്കു ജോലിനഷ്ടവും തുടർന്നുള്ള വൻ സാമ്പത്തിക നഷ്ടവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ, അനീതിക്കും അധർമത്തിനുമെതിരെ നിശ്ശബ്ദത പാലിക്കാൻ അദ്ദേഹം തയ്യാറായില്ല.

തുടർന്നദ്ദേഹം സാഹിത്യ, സാംസ്കാരികരംഗങ്ങളിൽ കൂടുതൽ സജീവമായി. അക്കാലത്തെ ഏതാണ്ടെല്ലാ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിന്റെ രചനകൾ തുടരെ വന്നു.

1882ൽ കേരളവർമ വലിയകോയിത്തമ്പുരാൻ കാളിദാസന്റെ ശാകുന്തളം നാടകം മലയാളത്തിൽ പരിഭാഷചെയ്തു പ്രസിദ്ധപ്പെടുത്തി. അതിനുമുമ്പ് 1866ൽ കല്ലൂർ ഉമ്മൻ പീലിപ്പോസ് ഷേക്സ്പിയറുടെ 'കോമഡി ഓഫ് എറേഴ്സ്,' 'ആൾമാറാട്ടം' എന്ന പേരിൽ പരിഭാഷപ്പെടുത്തിയിരുന്നെങ്കിലും അതു വേണ്ടപോലെ ജനശ്രദ്ധയിൽപെടുകയുണ്ടായില്ല. അതിനാൽ, കേരളവർമയാണു മലയാളത്തിലെ ആദ്യനാടകകൃത്ത് എന്നറിയപ്പെട്ടത്.

ശാകുന്തളം നാടകത്തിനു ലഭിച്ച ജനപ്രീതി കണ്ടു കേരളത്തിലെ ഒട്ടേറെ കവികൾ സംസ്കൃതനാടകങ്ങൾ തുടരെ മൊഴിമാറ്റം ചെയ്തു തുടങ്ങി. മലയാളത്തിൽ ഒരു നാടകപ്രളയം തന്നെ ഉണ്ടായി. ഇതിനെതിരെ 'നാലുപേരിലൊരുത്തൻ' എന്ന പേരിൽ ഒരു ഹാസ്യനാടകം അന്തപ്പായി എഴുതി. മുൻഷി രാമക്കുറുപ്പിന്റെ ചക്കീചങ്കരം, കെ.സി. നാരായണൻ നമ്പ്യാരുടെ ചക്കീചങ്കരം, ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ ദുസ്പർശ എന്നീ നാടകങ്ങളും നാടകപരിഹാസങ്ങളാണ്.

എങ്കിലും മലയാളനാടകങ്ങളെ ഗൗരവപൂർവം വിമർശിക്കാനും വിശകലനം ചെയ്യാനും കൂടി അന്തപ്പായി തയ്യാറായി. അങ്ങനെയാണു മലയാളത്തിലെ ആദ്യ നാടകപഠനം രൂപംകൊണ്ടത്-ഭാഷാനാടകപരിശോധന. ഒ. ചന്തുമേനോന്റെ അപൂർണ നോവലായ ശാരദ എഴുതി പൂർത്തിയാക്കി എന്ന ബഹുമതിയും അന്തപ്പായി നേടിയെടുത്തു.

താൻ ജനിച്ചു വളർന്ന ക്രൈസ്തവ സമുദായത്തിന്റെ സാംസ്കാരിക, സാമൂഹിക വികാസത്തിനു വേണ്ടി വളരെയേറെ അധ്വാനിച്ച സമുദായസ്നേഹിയുമാണ് അന്തപ്പായി.

1936 മെയ് 30ന് അദ്ദേഹം നിര്യാതനായി. അന്തപ്പായിയുടെ ബഹുമുഖ സേവനങ്ങൾ കൊണ്ടു കരുത്താർജിച്ച സമുദായവും പൊതുസമൂഹവും അദ്ദേഹത്തോടു നന്ദി കാണിച്ചു എന്നു പറയാൻ വയ്യ.

# ഫ്രാൻസിന്റെ ഭക്ഷണപ്പെരുമ!



തക്കാളി വിഭവം



കോഴിയിറച്ചി വിഭവം



ഇറച്ചിക്കറി



മീൻ വിഭവം

**ലോ**കത്തെ ഏറ്റവും സന്തുലിത ഭക്ഷണമായാണു ഫ്രഞ്ചു ഭക്ഷണം കരുതപ്പെടുന്നത്. പാശ്ചാത്യ പാചകരീതിയുടെയും ഭക്ഷണക്രമത്തിന്റെയും ഉറവിടവും ഇതുതന്നെ. ഫ്രാൻസിന്റെ അഞ്ചുമേഖലകളിൽ അഞ്ചുതരം ഭക്ഷണരീതിയാണുള്ളത്. വടക്കുപടിഞ്ഞാറൻ ഫ്രാൻസിനു വെണ്ണ, ക്രീം, ആപ്പിൾ തുടങ്ങിയവയാണു പ്രിയങ്കരം. തെക്കുപടിഞ്ഞാറൻ പ്രദേശത്താകട്ടെ താറാവ്, കൂൺ എന്നിവ കൊണ്ടുള്ള വിഭവങ്ങളാണു പ്രധാനം. തെക്കുകിഴക്കൻ മേഖലയ്ക്ക് ഒലിവ് എണ്ണ, തക്കാളി, ഇറ്റാലിയൻ ഭക്ഷണം തുടങ്ങിയവയോടും; വടക്കൻ ഫ്രാൻസിന് ഉരുളക്കിഴങ്ങ്, ബിയർ, പോർക്ക് ഇവയോടും; കിഴക്കൻ ഫ്രാൻസിന് സോസേജ്, ബിയർ, ജർമൻ വിഭവങ്ങൾ എന്നിവയോടുമാണു താത്പര്യം.ഫ്രഞ്ചു വൈൻ, ഫ്രഞ്ചു ചീസ്, ഫ്രഞ്ചു ഫ്രൈസ് എന്നിവ ആഗോളതലത്തിൽതന്നെ രുചിയുടെ കാര്യത്തിൽ ശ്രദ്ധപിടിച്ചുപറ്റിയ വിഭവങ്ങളാണ്. പന്നി, മുയൽ, ആട്, മാട്, കോഴി, ടർക്കി ഇറച്ചികളും ഇവർക്കിഷ്ടമാണ്. ചൂര, സാൽമൺസ കക്ക എന്നിവയാണു പ്രധാന മത്സ്യ ഇനങ്ങൾ. പ്രാതലിനു റൊട്ടി, ജാം, കാപ്പി, ഏതെങ്കിലും പഴം എന്നിവയും, ഉച്ചയ്ക്ക് ഇറച്ചി, മീൻ, പച്ചക്കറി, സാലഡ്, ഫ്രഞ്ച് ഫ്രൈസ്, പിസ്ത, അരിവിഭവം, രുചി വർധിപ്പിക്കാൻ ചെറുലഹരി പാനീയങ്ങൾ എന്നിവയും ഉണ്ടാകും. ഡെസേർട്ടുകളും പതിവാണ്. ഈ വിഭവങ്ങളുടെ വ്യത്യസ്ത ചേരുവകൾ തന്നെയാണ് അത്താഴത്തിനുമൊരുക്കുക.



കൂൺ വിഭവം



ഫ്രഞ്ച് സാലഡ്



ഫ്രഞ്ച് ഫ്രൈസ്



ഫ്രഞ്ച് ചീസ്



ഫ്രഞ്ച് ഡെസേർട്ട്

# ആദർശരാഷ്ട്രവും ജനാധിപത്യവും

## പ്രൊഫ. വി.പി. ജോൺസ്

ആദർശരാഷ്ട്രം എന്ന സങ്കല്പത്തെ പ്രതിപാദിക്കാൻ തുനിയും മുമ്പേ 'സ്റ്റേറ്റ്' എന്ന സങ്കല്പം രൂപംകൊണ്ടതെങ്ങനെ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ആധുനികശൈലിക്കിണങ്ങുംവിധം 'സ്റ്റേറ്റ്' എന്ന സംജ്ഞ ഉടലെടുക്കുന്നതു നവോത്ഥാനകാല ഇറ്റാലിയൻ രാഷ്ട്രവിജ്ഞാനീയ സൈദ്ധാന്തികൻ നിക്കോളോ മാക്കിയവെല്ലിയിലൂടെയാണ്. വിശ്വവിഖ്യാതമായ 'ദ പ്രിൻസ്' എന്ന ഗ്രന്ഥത്തിലാണു സ്റ്റേറ്റ് ആദ്യമായി പരാമർശിക്കപ്പെടുന്നത്. നിർവചനങ്ങളുടെ സമൃദ്ധികൊണ്ടു സമ്പന്നമാണു 'സ്റ്റേറ്റ്'.



പ്ലേറ്റോ

ജനപദങ്ങളുടെ നിലനില്പിനും യോഗക്ഷേമത്തിനും വേണ്ടി അധികാരചിഹ്നങ്ങളോടുകൂടി ഉദയം കൊണ്ട ഒരു സംവിധാനമായി ഒരുപറ്റം ചിന്തകർ സ്റ്റേറ്റിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ, വേറൊരു വിഭാഗം അതിനെ ഒരു നിയമസംവിധാനം മാത്രമായി ഉപദർശിക്കുകയും ചെയ്യുന്നു.



അരിസ്റ്റോട്ടിൽ

പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ഫ്രാൻസീസ് ബേക്കൺ, മാക്കിയവെല്ലി, റൂസ്സോ, മാർക്സ്, റസ്സൽ എന്നിവർക്കൊപ്പം ഗാന്ധിജിയും സ്റ്റേറ്റ് എന്ന സങ്കല്പത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഭിന്നവീക്ഷണങ്ങളിലൂടെയാണ് ഇവർ ഓരോരുത്തരും സ്റ്റേറ്റിനെ അഭിദർശിക്കുന്നത്. വ്യാഖ്യാനങ്ങൾ സാപേക്ഷികമാണ് എന്നതത്രെ വാസ്തവത്തിൽ വ്യാഖ്യാന വ്യാകരണം.

ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആന്തരികവും ഭൗതികവും ബാഹ്യതല സ്പർശിയുമായ ആകൃതിയും പ്രകൃതിയും ആധാരമാക്കി ചില നിഗമനങ്ങളിൽ ചെന്നെത്താം. അതിന്റെ അസ്തിത്വത്തിനു ചില സവിശേഷ ഘടകങ്ങളുടെ സാന്നിധ്യം അനുപേക്ഷണീയമാണെന്നു കാണാം. ജനസംഖ്യ, ഭൂപരിധി, ഗവൺമെണ്ട്, പരമാധികാരം എന്നീ നാലു വിധം അനിവാര്യതകൾ നിർണായകമാകണം. ആദ്യത്തെ രണ്ടെണ്ണവും രാഷ്ട്രീയ സമൂഹത്തിന്റെ അദൃശ്യതലത്തിലാണു പ്രത്യക്ഷം.



ഫ്രാൻസീസ് ബേക്കൺ

'സ്റ്റേറ്റ്' ഒരു മാനുഷിക സ്ഥാപനമാകയാൽ മനുഷ്യനെക്കുറിച്ചു നിർവഹിക്കുന്ന ഏതൊരു പഠനപരിസ്ഥിതിയിലും ജനസംഖ്യാ നിർണയം കാര്യമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കാതെ തരമില്ല.

പ്രാചീനഗ്രീക്ക് സിറ്റിസ്റ്റേറ്റിന്റെ പ്രാക്രൂപമായ 'ആക്രോപോലീസി'ൽ നിന്നാണു 'നഗര രാഷ്ട്രങ്ങൾ' എന്ന ആശയം ഉടലെടുക്കുന്നത്. അവയുടെ ആവിർഭാവം, പ്രവർത്തന സമ്പ്രദായം എന്നിവ സസൂക്ഷ്മം നിരീക്ഷിച്ച പ്ലേറ്റോ ഒരാദർശരാഷ്ട്രത്തിലെ ജനസംഖ്യ അയ്യായിരത്തി നാല്പതായി ക്ലിപ്തപ്പെടുത്തി! റൂസ്സോയാകട്ടെ തന്റെ പ്രഖ്യാതഗ്രന്ഥമായ 'കോൺട്രാക്റ്റ് സോഷ്യ'ലിൽ ഇതു പതിനായിരമായി നിർണയിച്ചു. അരിസ്റ്റോട്ടിൽ റിപ്പബ്ലിക്കൻ സ്റ്റേറ്റിലെ ജനസംഖ്യ താരതമ്യേന അമിതമോ തുലോം തുച്ഛമോ ആയിത്തീരരുതെന്നു സകൃത്യം നിഷ്കർഷിക്കുകയും ചെയ്തു.

ലോകജനസംഖ്യ അഭൂതപൂർവം വർധിച്ചുകൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ ഈ സംഖ്യാനിർണയങ്ങൾക്കു പ്രസക്തിയില്ല.

> **ഡിവൈൻ റൈറ്റ് തിയറി, ഫോഴ്സ് തിയറി, പാട്രിയാർക്കൽ തിയറി, മാട്രിയാർക്കൽ തിയറി, സോഷ്യൽ കോൺട്രാക്ട് തിയറി എന്നിവയാണു കാതലായ ചില സിദ്ധാന്തങ്ങൾ. എന്നാൽ, ഇവയൊന്നും തന്നെ സമ്പൂർണമോ അനിഷേധ്യമായ തെളിവുകളാൽ സ്വയം വിശദീകരണക്ഷമങ്ങളോ അല്ലതാനും.**

സ്റ്റേറ്റിന്റെ ഉത്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളിലേക്കു തിരിച്ചുവരാം. ഡിവൈൻ റൈറ്റ് തിയറി, ഫോഴ്സ് തിയറി, പാട്രിയാർക്കൽ തിയറി, മാട്രിയാർക്കൽ തിയറി, സോഷ്യൽ കോൺട്രാക്ട് തിയറി എന്നിവയാണു കാതലായ ചില സിദ്ധാന്തങ്ങൾ. എന്നാൽ, ഇവയൊന്നും തന്നെ സമ്പൂർണമോ അനിഷേധ്യമായ തെളിവുകളാൽ സ്വയം വിശദീകരണക്ഷമങ്ങളോ അല്ലതാനും. ചരിത്രപരവും നൈതികവും താത്വികവുമായ അടിത്തറയും പ്രത്യേകം അവകാശപ്പെടാനുമില്ല.



മാക്കിയവെല്ലി

മാനവസമൂഹത്തിന്റെ ക്രമപ്രവൃദ്ധമായ പരിണതിയാണു സ്റ്റേറ്റിന്റെ ഉത്ഭവത്തിനു നിദാനം. ഇതത്രെ നൂതന ശാസ്ത്രീയ വിശകലനം. ലീക്കോക്കാണ് ഈ ആശയത്തിന്റെ പ്രധാന പ്രണേതാവ്. മാൾവർ ഇതിനെ ന്യായീകരിക്കാനുതകുമാറ് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "എല്ലാ ഉത്ഭവകഥകളും

അജ്ഞാതവും അവ്യക്തവും ഒപ്പം രഹസ്യാത്മകവുമാണ്. ഏതെങ്കിലും ഒരു രാജ്യത്തിന് അതിന്റെ യഥാർത്ഥ പിറന്നാൾ (ജന്മദിനം) കൊണ്ടാടാനാകുമോ എന്ന ചോദ്യം എത്രയോ അർത്ഥഗർഭമാകുന്നു”.



റൂസ്സോ

സന്ദേഹങ്ങളിൽ നിന്നാണു ഗവേഷണങ്ങൾക്കാരംഭം കുറിക്കുക. തത്ഫലമായി പുതിയ നിഗമനങ്ങളിൽ ചെന്നു കയറാനാവും ഗവേഷകർക്കു താത്പര്യം

ഒരുപക്ഷേ ഗോത്രപാരമ്പര്യങ്ങളാകാം സ്റ്റേറ്റിന്റെ പിറവിക്കൊരു സൂചകം. ഗൃഹത്തിൽ ഗൃഹനാഥൻ, കൂട്ടുകുടുംബങ്ങളിൽ തറവാട്ടുകാരണവർ, ഗോത്രങ്ങളിൽ ഗോത്രത്തലവന്മാർ എന്നിവരിലൂടെ ചെത്തിമിനുക്കി നിർമിച്ച സരണിയാവണം സ്റ്റേറ്റിന്റെ ജനനത്തിന് അടിസ്ഥാനം. അച്ഛസ്ഫടികമായ ഒരു ചരിത്രപാത ആർക്കും ചൂണ്ടിക്കാണിക്കാനില്ല. രക്തബന്ധമുള്ളവരിലൂടെ ഉരുത്തിരുഞ്ഞു വന്നതാണു സ്റ്റേറ്റിന്റെ പൂർണരൂപം എന്ന ഒരു സിദ്ധാന്തവും പ്രകൃതത്തിൽ പരിഗണിക്കും.

ജാഗരൂകവും പ്രബുദ്ധവുമായ ഒരു പൊതുസമൂഹത്തിനു മാത്രമേ സമ്പുഷ്ടമായ ജനാധിപത്യ ഭരണക്രമത്തിനു തേജസ്സും ഓജസ്സും മികവും പകരാൻ കഴിയൂ എന്ന പാഠവും നാം മുഖവിലയ്ക്കെടുക്കണം. വണ്ടിക്കു പുറകിൽ കാളയെ കെട്ടുന്ന ഏർപ്പാടുകൾ അഭികാമ്യമല്ല എന്നു തന്നെയാണു സാരം.



മാർക്സ്

മതപരമായ പാരമ്പര്യങ്ങളിലൂടെയും സാമ്പത്തിക ഇടപാടുകളിലൂടെയും ഗ്രൂപ്പുകൾ തിരിച്ചുണ്ടായ പോരാട്ടങ്ങൾക്കൊടുവിലും ഉദയം കൊണ്ടതാണു സ്റ്റേറ്റ് എന്ന വിചാരഗതിയും വിസ്മരിക്കാനാവില്ല. സ്വാഭാവികമായ രാഷ്ട്രീയാവബോധത്തിന്റെ ഒരു ശക്തിരേഖയായിപ്പോലും ഒരു കൂട്ടർ ഇതിനെ പ്രകീർത്തിക്കുന്നു.

രാജ്യത്തെ ആദർശവത്കരിക്കണമെന്ന് ഉദ്ബോധിപ്പിച്ച പ്ലേറ്റോ ഒരു ‘ഫിലോസഫർ പ്രിൻസി’നെ ഉത്തമഭരണാധികാരിയായി അവരോധിക്കുന്നു. രാജ്യത്തിന് അൺഫിറ്റാണെന്ന കാരണം പറഞ്ഞ് അംഗവിഹീനരെ രാജ്യവ്യവഹാരത്തിൽ നിന്ന് അകറ്റി നിർത്തണമെന്നും പ്ലേറ്റോ ശഠിക്കുന്നു. ഇതു തികഞ്ഞ ജനാധിപത്യ വിരുദ്ധ സിദ്ധാന്തമാണെന്നതിനു പക്ഷാന്തരമില്ല. തലയെണ്ണി മാത്രം ആളുകൾക്കു രാജ്യവ്യവഹാരത്തിൽ പങ്കാളിത്തം പ്രദാനം ചെയ്യുന്നത് അനഭിലഷണീയമെന്നത്രെ അദ്ദേഹത്തിന്റെ വാദം. തികച്ചും അസ്വീകാര്യമാണ്, ഈ നിർദ്ദേശങ്ങൾ.



ഗാന്ധിജി

ക്രിസ്തുവിനു മുമ്പത്തെ സാമൂഹിക, രാഷ്ട്രീയ പരിതോവസ്ഥയും കൂടി ഇത്തരുണത്തിൽ സ്മർത്തവ്യമാകുന്നു. എന്നാൽ, ജാഗരൂകവും പ്രബുദ്ധവുമായ ഒരു പൊതുസമൂഹത്തിനു മാത്രമേ സമ്പുഷ്ടമായ ജനാധിപത്യ ഭരണക്രമത്തിനു തേജസ്സും ഓജസ്സും മികവും പകരാൻ കഴിയൂ എന്ന പാഠവും നാം മുഖവിലയ്ക്കെടുക്കണം. വണ്ടിക്കു പുറകിൽ കാളയെ കെട്ടുന്ന ഏർപ്പാടുകൾ അഭികാമ്യമല്ല എന്നു തന്നെയാണു സാരം. സാധാരണക്കാരെ ജനാധിപത്യപ്രമാണത്തിൽ ഉദ്ബുദ്ധരാക്കാനുള്ള ഉത്തരവാദിത്വം രാഷ്ട്രീയ നേതൃത്വശ്രേണിയിലുള്ളവർ സഹിഷ്ണുതാപൂർവം ഏറ്റെടുക്കുകയും വേണം.

പൗരസഞ്ചയത്തിനു ഭരണപരമായ അവഗാഹം, ഉത്ബുദ്ധമനസ്കത, പൗരധർമം തുടങ്ങിയ ഗുണങ്ങൾ ഉളവാക്കാൻ സ്റ്റേറ്റിനും സ്വാഭാവിക ബാധ്യതയുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഉപഭോക്തൃസംരക്ഷണ നിയമം, വിവരാവകാശ നിയമം , വിദ്യാഭ്യാസാവകാശ നിയമം, തൊഴിലുറപ്പു നിയമം, ഭക്ഷ്യസുരക്ഷാ നിയമം, മനുഷ്യാവകാശ സമിതി രൂപീകരണം, സ്ത്രീജനങ്ങൾക്കുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ, വനിതാസംവരണ നിയമനിർമാണം (നിയമനിർമാണസമിതികളിലേക്ക്) തുടങ്ങിയവയൊക്കെ ചരിത്രത്തിനു മുമ്പേ നടക്കാൻ കുതിക്കുന്ന ഒരു സമൂഹമാക്കി നമ്മെ മാറ്റുന്നു.

ഒരു അഭിജ്ഞജനതയ്ക്കു മാത്രമേ സുഗമമായും കാര്യക്ഷമമായും രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽ സജീവമായി വ്യാപരിക്കാൻ കഴിയൂ.

അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം, കളവ്, വഞ്ചന, വിദ്വേഷം, തട്ടിപ്പറി, വിഭാഗീയത, സങ്കുചിത മനോഭാവങ്ങൾ എന്നീ സാമൂഹ്യവിരുദ്ധവും ദുഷിച്ചതുമായ ദുശ്ചിന്തകൾ, ദുഷ്പ്രവണതകൾ ദുരീകരിക്കാൻ ഐഡിയൽ സ്റ്റേറ്റിലെ പക്വതയാർന്ന പൊതുസമൂഹം കരുത്താർജിക്കണം. പരസ്പര സൗഹൃദം, സഹകരണം, കർമനിരതത്വം, സ്വരാജ്യ സ്നേഹം എന്നീ ഗുണഗണങ്ങൾക്കൊപ്പം സഹിഷ്ണുതാബോധവും ആദർശരാഷ്ട്രത്തിലെ പ്രജകൾക്കുണ്ടാകണം.



സർ തോമസ് മൂർ

ഇംഗ്ലണ്ടിലെ ട്യൂഡർ വാഴ്ചക്കാലത്തെചാൻസലർ, സർ തോമസ് മൂറിന്റെ പ്രൗഢ രാഷ്ട്രമീമാംസാ ഗ്രന്ഥമായ ഉട്ടോപ്യയിൽ ഒരാദർശരാജ്യത്തിന്റെ സ്വപ്നങ്ങൾ താളുകളിലുടനീളം പ്രതിഫലിക്കുന്നുണ്ട്.

ചരിത്രം മനുഷ്യനെ വിജ്ഞാനിയും വിവേകിയുമാക്കുന്നു എന്നു സിദ്ധാന്തിച്ച ഫ്രാൻസിസ് ബേക്കൺ, ജനാധിപത്യക്രമത്തിനതീതമായ ഒരു ഭരണസംവിധാനമാണ് ആവിഷ്ക്കരിക്കാൻ കൗതുകം പ്രകടിപ്പിക്കുന്നത്. ലോകത്തു ജനാധിപത്യം രൂപപ്പെടുന്നതിനു ദീർഘകാലങ്ങൾക്കു മുമ്പു ജനായത്ത ഭരണക്രമത്തിനതീതമായ ഒരു സ്റ്റേറ്റ് ഭരണസംവിധാനമത്രെ വിഭാവനം ചെയ്തിരുന്നത്.

(തുടരും)

# കേരള നിയമസഭയിലെ
# ആംഗ്ലോ ഇന്ത്യൻ പ്രതിനിധികൾ

കേരളനിയമസഭയിൽ എത്ര അംഗങ്ങളാണുള്ളത്? സംസ്ഥാനത്ത് 140 നിയോജകമണ്ഡലങ്ങൾ. അതുകൊണ്ടു തന്നെ ബഹുഭൂരിപക്ഷംപേരുടെയും പെട്ടെന്നുള്ള മറുപടി 140 എന്നു തന്നെ ആയിരിക്കാം. പക്ഷേ, ഒരു നോമിനേറ്റഡ് അംഗംകൂടി ഉൾപ്പെടെ നമ്മുടെ നിയമസഭയിലെ അംഗസംഖ്യ 141 ആണ്. ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിലെ പ്രതിനിധിയാണ് ആ നോമിനേറ്റഡ് അംഗം.

പോർട്ടുഗീസ് കാലം മുതൽ ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ യൂറോപ്യന്മാർ പലരും നമ്മുടെ നാട്ടുകാരായ പെൺകുട്ടികളെ വിവാഹം ചെയ്തു. ഈ വിവാഹത്തിലൂടെ പുതിയൊരു സമുദായം ഉദയം ചെയ്തു. ആംഗ്ലോ ഇന്ത്യൻ സമുദായം. അവരുടെ പിൻതലമുറക്കാർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ട്.

പതിമൂന്നാം നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ലൂഡി ലൂയിസാണ്. ഇദ്ദേഹം രണ്ടാം തവണയാണ് ഈ പദവിയിലെത്തുന്നത്. ഇതിനു മുമ്പ് പതിനൊന്നാം നിയമസഭയിൽ (2001-2006) ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായിരുന്നു.

സ്റ്റീഫൻ പാദുവയാണ് ഏറ്റവും കൂടുതൽ കാലം സംസ്ഥാന നിയമസഭയിൽ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധിയായിരുന്നത്. തുടർച്ചയായ നാലു ടേമുകളിലായി പതിനാറു വർഷം



*ഡബ്ല്യു. എച്ച്. ഡി. ക്രൂസ്*



*സി.എഫ്. പെരേര*



*എസ്.പി. ലൂയീസ്*



*സ്റ്റീഫൻ പാദുവ*



*നിക്കോളാസ് റോട്രിഗൂസ്*



*ഡേവിഡ് പിനീറോ*



*ജോൺ ഫെർണാണ്ടസ്*



*സൈമൺ ബ്രിട്ടോ*



*ലൂഡി ലൂയിസ്*

## കേരള നിയമസഭയിൽ ആംഗ്ലോ ഇന്ത്യൻ പ്രതിനിധികൾ.

| | | |
|---|---|---|
| 1. | ഡബ്ല്യു. എച്ച്. ഡി. ക്രൂസ് | (1957–1959) |
| 2. | സി.എഫ്. പെരേര | (1960–1964) |
| 3. | എസ്.പി. ലൂയീസ് | (1965–1970) |
| 4. | സ്റ്റീഫൻ പാദുവ | (1970–1977) |
| 5. | സ്റ്റീഫൻ പാദുവ | (1977–1979) |
| 6. | സ്റ്റീഫൻ പാദുവ | (1980–1982) |
| 7. | സ്റ്റീഫൻ പാദുവ | (1982–1987) |
| 8. | നിക്കോളാസ് റോട്രിഗൂസ് | (1987–1991) |
| 9. | ഡേവിഡ് പിനീറോ | (1991–1996) |
| 10. | ജോൺ ഫെർണാണ്ടസ് | (1996–2001) |
| 11. | ലൂഡി ലൂയിസ് | (2001–2006) |
| 12. | സൈമൺ ബ്രിട്ടോ | (2006–2011) |
| 13. | ലൂഡി ലൂയിസ് | (2011– ) |

## ഭരണഘടനാവശം

ഭരണഘടനാവകുപ്പ് 331 അനുസരിച്ചു രാഷ്ട്രപതിക്ക് ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ രണ്ടിൽ കവിയാതെയുള്ള അംഗങ്ങളെ ലോക്സഭയിലേക്കു നാമനിർദേശം ചെയ്യാവുന്നതാണ്. വകുപ്പ് 333 അനുസരിച്ചു ഗവർണർക്കു സംസ്ഥാന നിയമസഭയിലേക്ക് ആംഗ്ലോ-ഇന്ത്യൻ സമുദായത്തിൽ നിന്നുള്ള ഒരാളെ നാമനിർദേശം ചെയ്യാവുന്നതാണ്. 1949 നവംബർ 26നു ഭരണഘടനാ നിർമാണ സമിതി ഭരണഘടന അംഗീകരിച്ചപ്പോൾ ഈ ആനുകൂല്യം അൻപതുവർഷത്തേക്കാണു നല്കിയിരുന്നത്. 1999ലെ 79-ാം ഭരണഘടനാ ഭേദഗതി പ്രകാരം ഇത് 60 വർഷമായി. 2009 മുതൽ വീണ്ടും ഇതിന്റെ കാലാവധി ദീർഘിച്ചിരിക്കുന്നു.

നാരദൻ

# ചോരതന്നെ കൊതുകിന്നു കൗതുകം!



**ലോ**കത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും (യുഎൻ. അംഗീകരിച്ചതും അല്ലാത്തതും) സന്ദർശിച്ചിട്ടുണ്ടെന്ന് അഭിമാനപൂർവം പറയുന്ന നിരവധി പേരെ കണ്ടിട്ടുണ്ട്. അതുപോലെ ഇന്ത്യയിലെ തന്നെ എല്ലാ രാഷ്ട്രീയ കൂട്ടായ്മകളിലും പങ്കാളിയായി റെക്കോർഡു സ്ഥാപിച്ച ഒരേയൊരാളേ ഉള്ളൂ. അതു നമ്മുടെ പി.സി.തോമസാണ്. ഐ.എഫ്.ഡി.പി സ്ഥാപക നേതാവ്, കേരളാ കോൺഗ്രസ് ലയന വിരുദ്ധ വിഭാഗം ചെയർമാൻ തുടങ്ങി വിശേഷണങ്ങൾ എഴുതാൻ തുടങ്ങിയാൽ തന്നെ ഒരു അന്തോം കാണത്തില്ലന്നേ. ആ പി.സി.തോമസിന്റെ ഒരു സ്വഭാവ മേന്മ കൂടി പുറത്തുവന്നിരിക്കുകയാണ്. പത്രവായനയില്ല എന്ന യാഥാർത്ഥ്യം. പൊതുപ്രവർത്തകരെ സംബന്ധിച്ച് ഒഴിച്ചുകൂടാനാവാത്ത ദുശ്ശീലം. ഈ വസ്തുത വെളിച്ചത്തുകൊണ്ടുവന്നത് അദ്ദേഹത്തിന്റെ തന്നെ ഒരു പ്രസ്താവനയാണ്. ഉമ്മൻ ചാണ്ടി സർക്കാർ അഴിമതിക്കേസുകൾ ഒതുക്കിതീർക്കാൻ ശ്രമിക്കുന്നു!

അധികാരമേറ്റെടുത്ത് ആദ്യ ക്യാബിനറ്റിൽ തന്നെ, പെട്രോളിന്റെ അധികനികുതി ഒഴിവാക്കിയ സർക്കാർ നടപടി പോലും പി.സി.തോമസ് അറിഞ്ഞില്ല. നൂറുദിന കർമപരിപാടി പ്രഖ്യാപിച്ചതും, അതിൽ തന്നെ മന്ത്രിമാരുടെയും അടുത്ത ബന്ധുക്കളുടെയും പേഴ്സണൽ സ്റ്റാഫിന്റെയുമെല്ലാം സ്വത്തുവിവരങ്ങൾ പരസ്യപ്പെടുത്തും, മുഖ്യമന്ത്രിയുടേതടക്കമുള്ള ഓഫീസുകൾ 365 $^{1}/_{4}$ ദിവസവും പൂർണ സമയം പ്രവർത്തിക്കും, ഒരു രൂപയ്ക്ക് അരി നല്കും തുടങ്ങിയ പ്രഖ്യാപനങ്ങളൊന്നും പി.സി.യുടെ ശ്രദ്ധയിൽപെട്ടില്ല എന്നു പറഞ്ഞാൽ കഷ്ടം തന്നെ.

ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും......... അല്ലെങ്കിൽ ഇതൊക്കെ നമ്മളെന്തിനു പറയുന്നു. വിനാശകാലേ വിദേശ ബുദ്ധി!

❖❖❖

# കേരളാ കോൺഗ്രസ് (എം)
# പാർലമെണ്ടറി പാർട്ടി ഭാരവാഹികൾ

കേരളാ കോൺഗ്രസ് (എം) നിയമസഭാ സെക്രട്ടറിയായി കടുത്തുരുത്തി എംഎൽഎ മോൻസ് ജോസഫിനെയും ചീഫ് വിപ്പായി ഇരിങ്ങാലക്കുട എംഎൽഎ തോമസ് ഉണ്ണിയാടനെയും തിരഞ്ഞെടുത്തു. ഇടുക്കി എംഎൽഎ റോഷി അഗസ്റ്റിനാണു ട്രഷറർ. ജോയിന്റ് സെക്രട്ടറി വാഴൂർ എംഎൽഎ ഡോ. എൻ.ജയരാജ്.

നിയമസഭാകക്ഷി നേതാവായി പാർട്ടി ചെയർമാൻ കെ.എം.മാണിയെയും ഉപനേതാവായി വർക്കിംഗ് ചെയർമാൻ പി.ജെ.ജോസഫിനെയും നേരത്തെ തെരഞ്ഞെടുത്തിരുന്നു.

കേരളാ കോൺഗ്രസിന്റെ നിയമസഭാകക്ഷി ഭാരവാഹികളെല്ലാം പരിചയ സമ്പന്നരാണ്. നിയമസഭാംഗം എന്ന നിലയിൽ പ്രാഗല്ഭ്യം തെളിയിച്ചവരാണ്. മോൻസ് ജോസഫ് ഇതു മൂന്നാം തവണയാണു നിയമസഭയിലെത്തുന്നത്. 1996 ലും 2006ലുമായിരുന്നു മുൻപു തെരഞ്ഞെടുക്കപ്പെട്ടത്.



**കെ.എം. മാണി**

*(ലീഡർ)*



**പി.ജെ. ജോസഫ്**

*(ഡെപ്യൂട്ടി ലീഡർ)*

2001ലും 2006ലും നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട തോമസ് ഉണ്ണിയാടൻ ഹാട്രിക് വിജയം കുറിച്ചു പാർട്ടിയുടെ വടക്കൻമേഖലാ സാന്നിധ്യം ഊട്ടിയുറപ്പിച്ചു.

ഇതേ വിജയത്തിളക്കം തന്നെയാണു റോഷി അഗസ്റ്റിനുമുള്ളത്. മധ്യകേരള കർഷകരുടെ പ്രതിനിധിയായി നിയമസഭയിൽ മൂന്നാം വട്ടം.

മണ്ഡലപുനർനിർണയം മൂലം വാഴൂർ മണ്ഡലം ഇല്ലാതായതിനെ തുടർന്നു കാഞ്ഞിരപ്പള്ളിയിൽ മത്സരിച്ച ഡോ. എൻ.ജയരാജ് മികച്ച വിജയം നേടി. 2006ൽ കന്നിയങ്കം കുറിച്ച അദ്ദേഹത്തിനിതു രണ്ടാമൂഴം.



**മോൻസ് ജോസഫ്**

*(സെക്രട്ടറി)*



**തോമസ് ഉണ്ണിയാടൻ**

*(ചീഫ് വിപ്പ്)*



**റോഷി അഗസ്റ്റിൻ**

*(ട്രഷറർ)*



**ഡോ. എൻ. ജയരാജ്**

*(ജോയിന്റ് സെക്രട്ടറി)*

# പോളിട്രിക്സ്

വിജയൻ



പള്ളിക്കൂടം മാത്രമല്ല ഉത്തരക്കടലാസും മുങ്ങുന്ന മഴയാ..
ഉത്തരക്കടലാസുകൾ കാണാതായി : വാർത്ത
SCHOOL




ശുംഭത്തരത്തിന് വേറെ വല്ല അർത്ഥമുണ്ടോന്ന് നിഘണ്ടു നോക്കി പഠിക്കുവാ...
പോഴൻ
കോടതിയലക്ഷ്യം ജയരാജന് കുറ്റപത്രം നൽകും




പിണറായി കേരളത്തിലെ വല്ലഭായി പട്ടേൽ: വെള്ളാപ്പള്ളി
ഇനി അഞ്ചു കൊല്ലം ഉരുക്ക് പോലെ നിക്കാം..

# ന്യൂസ് ഡയറി

(28 മേയ് – 3 ജൂൺ 2011)

പി.ആർ.

## കേരളം

**28.** കഴിഞ്ഞ ഇടതുസർക്കാരിന്റെ കാലത്തു കേരള സർവകലാശാല അസിസ്റ്റന്റ് പരീക്ഷയുടെ 40,000 ഉത്തരക്കടലാസുകൾ കാണാതായതിനെക്കുറിച്ചു ക്രൈംബ്രാഞ്ച് അന്വേഷണത്തിനു മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉത്തരവിട്ടു.

**29.** സീറോമലബാർസഭാ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ ജോർജ് ആലഞ്ചേരി എറണാകുളം സെന്റ് മേരീസ് ബസലിക്കയിൽ നടന്നചടങ്ങിൽ സ്ഥാനാരോഹിതനായി.



* പതിനാലു ജില്ലകളിലും വ്യാപകമായി മഴയ്ക്കു തുടക്കം കുറിച്ചു കേരളത്തിൽ കാലവർഷമെത്തി.



**30.** ജൂൺ 14 മുതൽ ജൂലൈ 31 വരെ സംസ്ഥാനത്തു മൺസൂൺ കാല ട്രോളിംഗ് നിരോധനം പ്രഖ്യാപിച്ചു.



* പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിന്റെ പി.എച്ച്.ഡി രജിസ്ട്രേഷൻ അസാധുവാക്കിയ കേരള സർവകലാശാലയുടെ നടപടി ഹൈക്കോടതി റദ്ദാക്കി.

**31.** ഇടതുസർക്കാർ ഭരണകാലത്തു മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദന്റെ ബന്ധുവിനു ഭൂമി പതിച്ചു നല്കിയ നടപടി റദ്ദാക്കാനും അതു സംബന്ധിച്ചു വിജിലൻസ് അന്വേഷണം നടത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു.

**1.** വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപിള്ളയുടെ പത്നി കാത്ത (93) അന്തരിച്ചു.



* പതിമൂന്നാം കേരള നിയമസഭയിലെ 140 അംഗങ്ങൾ പ്രോടെം സ്പീക്കർ എൻ.ശക്തൻ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. (ആംഗ്ലോ ഇന്ത്യൻ നോമിനി ഉൾപ്പെടെ 141 പേർ).

* ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ മുൻ ഗോൾ കീപ്പർ ചങ്ങനാശ്ശേരി പെരുന്ന സ്വദേശി എൻ.എസ്.നായർ (74) അന്തരിച്ചു.

* മധ്യവേനലവധിക്കു ശേഷം തുറന്ന സംസ്ഥാനത്തെ സ്കൂളുകളിലെ ഒന്നാം ക്ലാസിലേക്കു നാലുലക്ഷത്തോളം കുരുന്നുകൾ എത്തി.



**2.** കോൺഗ്രസ് നേതാവ് ജി.കാർത്തികേയൻ 73 വോട്ടുകൾ നേടി നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു.



* യുഡിഎഫ് സർക്കാരിന്റെ നൂറുദിന കർമപരിപാടി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രഖ്യാപിച്ചു.



**3.** കേരളാ കോൺഗ്രസ് (എം) നിയമസഭാകക്ഷി സെക്രട്ടറിയായി മോൻസ് ജോസഫിനെയും, ചീഫ് വിപ്പായി തോമസ് ഉണ്ണിയാടനെയും ജോയിന്റ് സെക്രട്ടറിയായി ഡോ. എൻ. ജയരാജിനെയും ട്രഷററായി റോഷി അഗസ്റ്റിനെയും തെരഞ്ഞെടുത്തു.

* ജനജീവിതത്തെ സ്വാധീനിച്ച ഉജ്ജ്വലവ്യക്തിത്വങ്ങൾക്കുള്ള അമൃതാ ടി.വി.പുരസ്കാരത്തിന് (രണ്ടുലക്ഷം രൂപ വീതം) സാമൂഹിക പ്രവർത്തകനായ അണ്ണാ ഹസാരെയെയും എം.ടി. വാസുദേവൻ നായരെയും തെരഞ്ഞെടുത്തു.



## ദേശീയം

**28.** സിപിഎമ്മിന്റെ ഏകപക്ഷീയ നയങ്ങളാണു ബംഗാളിലെ വൻ തിരിച്ചടിക്കു കാരണമായതെന്നു സിപിഐ ദേശീയ നിർവാഹക സമിതിയോഗം അംഗീകരിച്ച തിരഞ്ഞെടുപ്പ് അവലോകന റിപ്പോർട്ട്.

**29.** ബംഗാൾ സിപിഎം നിയമസഭാംഗവും രാജ്യസഭാ മുൻ വൈസ് ചെയർമാനുമായിരുന്ന മുസ്തഫ ബിൻകാസിം (70) കൊൽക്കത്തയിലെ എംഎൽഎ ഹോസ്റ്റലിലെ മുറിയിൽ നിന്നു ചാടി ആത്മഹത്യചെയ്തു.

**30.** ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ സെക്രട്ടറി ജനറലായി ഡോ.രാജീവ് ശർമയെ നിയമിച്ചു.

* തൃണമൂൽ കോൺഗ്രസ് നേതാവ് ബിമൻ ബന്ദോപാധ്യായയെ പശ്ചിമബംഗാൾ സ്പീക്കറായി തെരഞ്ഞെടുത്തു.

**31.** വിഴിഞ്ഞം തുറുമുഖപദ്ധതിക്കു കേന്ദ്ര പരിസ്ഥിതി വിദഗ്ധോപദേശ സമിതി അനുമതി നല്കി.

* അന്താരാഷ്ട്ര ധാരണയ്ക്കുള്ള ജവഹർലാൽ നെഹ്റു പുരസ്കാരം ന്യൂഡൽഹിയിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ ജർമൻ ചാൻസലർ ആഞ്ചെലാ മെർക്കലിനു സ



മ്മാനിച്ചു.

1. മദ്യം വാങ്ങാനും കുടിക്കാനുമുള്ള കുറഞ്ഞപ്രായം 25 ആക്കി മഹാരാഷ്ട്രാ സർക്കാർ പ്രഖ്യാപിച്ചു.

2. കർണാടകയിൽ ബി.എസ്. യെദിയൂരപ്പയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ നിയമസഭയിൽ വിശ്വാസവോട്ടു നേടി.

3. പശ്ചിമബംഗാളിൽ അഞ്ചു കോൺഗ്രസ് എംഎൽഎമാർ കൂടി മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തതോടെ മമതാ ബാനർജി മന്ത്രിസഭയിൽ 43 പേരായി.

- മൂന്നുതവണ ഹരിയാന മുഖ്യമന്ത്രിയായിരുന്ന കോൺഗ്രസ് നേതാവ് ഭജൻലാൽ (81) അന്തരിച്ചു.

## വിദേശം

28. ശ്വാസകോശ അണുബാധയെത്തുടർന്നു തമിഴ് സിനിമാ താരം രജനീകാന്തിനെ ഏഷ്യയിലെ തന്നെ മുൻനിര ആശുപത്രികളിലൊന്നായ സിംഗപ്പൂരിലെ മൗണ്ട് എലിസബത്ത് മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു.



- ജനകീയ പ്രക്ഷോഭവേളയിൽ ഇന്റർനെറ്റ്, മൊബൈൽ സേവനങ്ങൾ തടസപ്പെടുത്തി രാജ്യത്തിനു നഷ്ടമുണ്ടാക്കിയതിന് ഈജിപ്ത് മുൻ പ്രസിഡണ്ട് ഹുസ്നി മുബാറക്, മുൻ പ്രധാനമന്ത്രി അഹമ്മദ് വാസിപ്, മുൻ ആഭ്യന്തരമന്ത്രി ഹബീബ് അൽ അദ്‌ലി എന്നിവർക്കു കോടതി 54 കോടി പൗണ്ട് (3900 കോടിയിലേറെ രൂപ) പിഴയിട്ടു.

29. സെൽഫ് എംപ്ലോയ്സ് അസോസിയേഷൻ (സേവ) എന്ന സർക്കാരിതര സാമൂഹ്യ സേവനസംഘടനയുടെ സ്ഥാപകനേതാവ് ഇള ഭട്ടിനു ഹാർവാർഡ് യൂണിവേഴ്സിറ്റിയുടെ റാഡ്മിഫ് പുരസ്കാരം.



- സദ്ദാം ഭരണകാലത്ത് ഇറാഖ് നടത്തിയ കുവൈത്ത് അധിനിവേശത്തിനു നഷ്ടപരിഹാരം ഈടാക്കുന്നതിന്റെ ഭാഗമായി ഇറാഖി എയർവേസിന്റെ ജോർദാൻ ഓഫീസ് കണ്ടുകെട്ടി.

30. ലൈംഗിക പീഡനം നടത്തിയതായി ആരോപണമുയർന്നതിനെ തുടർന്നു ഫ്രഞ്ച് മന്ത്രി ജോർജസ് ട്രോൺ രാജിവച്ചു.



- ജപ്പാനിലെ ആണവദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 2022ൽ രാജ്യത്തെ എല്ലാ ആണവനിലയങ്ങളും അടച്ചുപൂട്ടുമെന്നു ജർമൻ സർക്കാർ പ്രഖ്യാപിച്ചു.

31. രാജ്യാന്തര സമ്മർദത്തെ തുടർന്നു സിറിയ, യു.എൻ. ആണവ പരിശോധനയ്ക്കു സമ്മതിച്ചു.

- മുൻ പാകിസ്ഥാൻ പ്രസിഡണ്ട് പർവേസ് മുഷറഫിനെ ബേനസീർ ഭൂട്ടോ വധക്കേസുമായി ബന്ധപ്പെട്ടു റാവൽപിണ്ടിയിലെ ഭീകരവിരുദ്ധ കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു.



1. മൊബൈൽഫോണിന്റെ അമിതോപയോഗം മസ്തിഷ്കാർബുദത്തിനു കാരണമായേക്കാമെന്നു ലോകാരോഗ്യ സംഘടനയുടെ വിദഗ്ധസമിതി റിപ്പോർട്ട്.



2. മുപ്പതുവർഷത്തെ ദൗത്യത്തിനു വിരാമം കുറിച്ച് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും മടങ്ങിയെത്തിയ ബഹിരാകാശ പേടകമായ ‘എൻഡവർ’ ലോസാഞ്ചലസിലെ കാലിഫോർണിയ സയൻസ് സെന്റർ മ്യൂസിയത്തിലേക്കു മാറ്റി.



- യെമനിൽ കൊട്ടാരവളപ്പിലെ മസ്ജിദിനു നേരേ പ്രക്ഷോഭകാരികൾ നടത്തിയ ഷെല്ലാക്രമണത്തിൽ പ്രസിഡണ്ട് അലി അബ്ദുള്ള സാലിഹ് ഉൾപ്പെടെയുള്ളവർക്കു പരിക്കേറ്റു.

3. ദക്ഷിണാഫ്രിക്കയിലെ വർണവിവേചന വിരുദ്ധ പോരാട്ടനായിക അൽബർട്ടിന സിഡുലു (92) അന്തരിച്ചു.

- സിറിയയിലെ ഹമയിൽ ജനാധിപത്യ പ്രക്ഷോഭകർക്കു നേരേ സൈന്യം നടത്തിയ വെടിവയ്പിൽ 25 പേർ കൊല്ലപ്പെട്ടു.




## അന്വേഷണത്തിന്റെ വഴികൾ

എഡി: ഡോ.വി.രാജീവ് & ഡോ.ബാബു സെബാസ്റ്റ്യൻ
പ്രസാ: കറന്റ് ബുക്സ്
*വില : ₹ 195/-*

മലയാള ഭാഷാ സാഹിത്യഗവേഷണ മേഖലയിൽ സമർപ്പിത ചേതസ്സായി പ്രവർത്തിക്കുന്ന ശ്രദ്ധേയനായ ഗവേഷകനാണു ഡോ.എൻ.സാം. കേരള സർവകലാശാലയുടെ ഹസ്തലിഖിത വിഭാഗത്തിൽ പ്രൊഫസറായിരുന്ന സാം 2011 മാർച്ച് 31 ന് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. ശിഷ്യരും സുഹൃത്തുക്കളും ചേർന്ന് അദ്ദേഹത്തിനു സ്നേഹനിർഭരമായ യാത്രയയപ്പു നല്കി. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ പി.എച്ച്.ഡി ഗവേഷണം പൂർത്തിയാക്കിയ 18 വിദ്യാർത്ഥികളുടെ പ്രബന്ധങ്ങളുടെ സംഗൃഹീതസമാഹാരമാണ് 'അന്വേഷണത്തിന്റെ വഴികൾ'. ശിഷ്യർ ഗുരുവിനു സമർപ്പിച്ച സ്നേഹോപഹാരം. ആമുഖത്തിൽ എഡിറ്റർമാർ ഇങ്ങനെ കുറിക്കുന്നു:

ഒരു ഗവേഷകനെ സംബന്ധിച്ച് ഏറ്റവും പ്രധാനം ഗവേഷണവിഷയം തിരഞ്ഞെടുക്കലും ഗവേഷണപന്ഥാവ് ഏതെന്നു നിശ്ചയിക്കലുമാണ്. ഇതിന് ഉത്തമനായ ഒരു മാർഗദർശിയുണ്ടായിരിക്കണം. അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും ഒരു സംയുക്ത പ്രവർത്തനമാകണം ഏതു ഗവേഷണ പ്രവൃത്തിയും. ഗവേഷണ വിഷയത്തിന്റെ തിരഞ്ഞെടുപ്പു മുതൽ പ്രബന്ധ രചനവരെയുള്ള ഓരോ ഘട്ടത്തിലും ഈ കൂട്ടായ്മ അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു കൂട്ടായ്മയുടെ ഫലമാണു ഡോ.എൻ.സാമിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള പത്തൊൻപതു ഗവേഷണ പ്രബന്ധങ്ങളുടെ സംഗ്രഹമായ ഈ കൃതി. വൈവിധ്യമാർന്ന വിഷയങ്ങളിൽ നടത്തിയ അന്വേഷണങ്ങളും പഠനങ്ങളും കണ്ടെത്തലുകളും ഇതിലടങ്ങിയിട്ടുണ്ട്.

കേരള സർവകലാശാലയിലെ പൗരസ്ത്യ ഭാഷാ പഠനകേന്ദ്രമായ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ അറുപത്തി അയ്യായിരത്തോളം ഹസ്തലിഖിതഗ്രന്ഥങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. സംസ്കൃതം, മലയാളം, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി, ഒറിയ, ബർമിസ് തുടങ്ങിയ അനേകം ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഇതിൽപെടും. പഠനവിധേയമാകാതെയും വെളിച്ചം കാണാതെയും കിടക്കുന്നവയാണധികവും.






*ഡോ.എൻ.സാമിനു ശിഷ്യർ ഉപഹാരം സമർപ്പിക്കുന്നു*

അതുകൊണ്ടു തന്നെ ഡോ.എൻ.സാമിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണങ്ങളിൽ ഹസ്തലിഖിത പഠനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ബിരുദം ലഭിച്ച 19 പി.എച്ച്.ഡി പ്രബന്ധങ്ങളിൽ അഞ്ചെണ്ണം ഈ വിഭാഗത്തിൽപെടുന്നു. നാലു സംശോധിത സംസ്കരണവും, മറ്റൊന്നു ഹസ്തലിഖിതഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട ആദ്യകാല വൈജ്ഞാനിക സാഹിത്യത്തെപ്പറ്റിയുള്ള പഠനവുമാണ്.

നാലു നോവൽ പഠനങ്ങളും നാലു ചെറുകഥാപഠനങ്ങളും രണ്ടു കവിതാപഠനങ്ങളും മൂന്നു നിരൂപണങ്ങളും ഒരു പ്രാചീനശാസന പഠനവും ഉൾക്കൊള്ളുന്നവയാണു മറ്റു ഗവേഷണപ്രബന്ധങ്ങൾ. മലയാളഭാഷാസാഹിത്യത്തിന്റെ വൈവിധ്യമാർന്ന മേഖലകളിലുള്ള ആഴമേറിയ ഗവേഷണപ്രബന്ധങ്ങളാണിവയോരോന്നും.

മലയാളസാഹിത്യത്തിലെ ചിരകാല വിഷയങ്ങളായിരുന്ന നളചരിതം, ഗിരിജാകല്യാണം എന്നീ ഗ്രന്ഥങ്ങളുടെ കർതൃത്വം, രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാളോ എന്നതിനെ സംബന്ധിച്ച വിവാദം, ദേവീമാഹാത്മ്യം എഴുത്തച്ഛന്റെ കൃതിയോ എന്ന വിവാദം തുടങ്ങിയ വിഷയങ്ങളിലൊക്കെ തീർപ്പു കല്പിക്കാൻ ഈ ഹസ്തലിഖിത പഠനങ്ങൾക്കു കഴിഞ്ഞു. മാത്രമല്ല സംശോധിത സംസ്കരണ പദ്ധതിയുടെ രീതിശാസ്ത്രം ശാസ്ത്രീയവും കുറ്റമറ്റതുമാക്കി പാഠനിരൂപണപദ്ധതിയെ പരിഷ്ക്കരിക്കാനും ഈ ഗവേഷണത്തിലൂടെ കഴിഞ്ഞു. ഇവയിലെല്ലാം സാംസാറിന്റെ ശക്തമായ മാർഗനിർദ്ദേശം ഉണ്ടായിരുന്നു. സാഹിത്യസംബന്ധമായ ഇതര ഗവേഷണപ്രബന്ധങ്ങളും മൗലികമായ കണ്ടെത്തലുകളുള്ളവയാണ്.


*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*